©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

## അറുപത്തിനാലാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006)-യുടെ 1-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2014-2016)**

**അറുപത്തിനാലാമത് റിപ്പോർട്ട്**

**സമിതി (2004-2006)യുടെ 1-ാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

**[സമിതി (2004-2006)-യുടെ 1-ാമത്  റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]**

307/2016.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ | .. | 35 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014-2016)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വർക്കല കഹാർ.

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അച്ചുതൻ

ശ്രീ. എം. ചന്ദ്രൻ

ശ്രീ. കെ. കെ. ജയചന്ദ്രൻ

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. കെ. ശിവദാസൻ നായർ

ശ്രീ. പി. ശ്രീരാമകൃഷ്ണൻ.

ശ്രീ. ജി. സുധാകരൻ, എം.എൽ.എ.

ശ്രീ. എം. എ. വാഹീദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം അറുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2004-2006)-യുടെ 1-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2016 ഫെബ്രുവരി മാസം 16-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## <u>അദ്ധ്യായം I</u>

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ ഒന്നാമത് റിപ്പോർട്ടിന്മേൽ (കോഴിക്കോട് സർവ്വകലാശാലയെ സംബന്ധിച്ച്) സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ ഒന്നാമത് റിപ്പോർട്ട് 2004 ഫെബ്രുവരി മാസം 6-ാം തീയതിയാണ് സഭയിൽ സമർപ്പിച്ചത്. ഈ റിപ്പോർട്ടിൽ ആകെ 38 ശിപാർശകളാണ് ഉള്ളത്. 36 ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സർക്കാർ നൽകിയ മറുപടി 22-8-2007, 13-2-2008, 4-6-2008, 31-8-2010, 20-5-2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 റിപ്പോർട്ടിലെ ഖണ്ഡിക 14, 15, 16, 19, 20, 55, 66, 102, 106, 107 എന്നിവയിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അവ സംബന്ധിച്ച് സമിതി അധികവിവരം ആരാഞ്ഞിരുന്നു. ആയതിന് സർക്കാർ മറുപടിയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സൂക്ഷ്മപരിശോധനാ റിപ്പോർട്ടും ലഭ്യമാക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, സമിതി ആവശ്യപ്പെട്ട അധികവിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നുമുള്ള മറുപടി, തുടർശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളുടെയും സർക്കാർ മറുപടികളുടെയും സമിതി ആരാഞ്ഞ അധികവിവരങ്ങൾക്ക് സർക്കാർ നൽകിയ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ച ഖണ്ഡിക 14, 15, 16, 54, 55, 56, 102 എന്നിവയിലെ ശിപാർശയും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.6 2004-ൽ നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിലെ ഖണ്ഡിക 112, 113 എന്നിവയിലെ നിഗമനത്തിനും ശിപാർശയ്ക്കും സർക്കാരിൽ നിന്നും നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. സർക്കാർ മറുപടി സമർപ്പിക്കാത്ത ശിപാർശകൾ 112, 113 എന്നിവ അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു. പ്രസ്തുത ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## അദ്ധ്യായം II

# ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരവും ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും തുടർശിപാർശകളും

## ഖണ്ഡിക നമ്പർ 19, 20

### ശിപാർശ

2.1.1 സർക്കാരിന്റെ പൊതുവായ ഒരു ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായിട്ടാണ് സർവ്വകലാശാലയിലും ശമ്പള പരിഷ്കരണം നടത്തിയിട്ടുള്ളതെന്നതിനാൽ പ്രസ്തുത പരിഷ്കരണത്തിന്റെ ഭാഗമായ വാടക പരിഷ്കരണത്തിൽനിന്ന് സർവ്വകലാശാലാ ജീവനക്കാർക്ക് മാത്രം പ്രത്യേക ഇളവ് നൽകുന്നതിന് ന്യായീകരണമുണ്ടെന്ന് സമിതി കരുതുന്നില്ല.

2.1.2 വാടക പരിഷ്കരണയിനത്തിൽ 1992 മുതൽ 1997 വരെയുള്ള കാലയളവിൽ പിരിച്ചെടുക്കേണ്ട കുടിശ്ശിക തുകയായ 7,56,756 രൂപ പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദമായ കണക്കുകൾ സമിതിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.1.3 സമിതിയുടെ നിർദ്ദേശ പ്രകാരം 1992 മുതൽ 1997 വരെയുള്ള കാലയളവിൽ വീട്ടുവാടക പരിഷ്കരണ ഇനത്തിൽ പിരിച്ചെടുക്കേണ്ട വാടകക്കുടിശ്ശിക തുകയായ 7,56,756 രൂപ പിരിച്ചെടുക്കുന്നതിന് നേരത്തെ സിൻഡിക്കേറ്റ് സമിതി എടുത്ത തീരുമാനം നടപ്പിലാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.1.4 സിൻഡിക്കേറ്റിന്റെ റെസല്യൂഷൻ നമ്പർ 111 തീയതി 19-3-2005 പ്രകാരം 1997 പേ റിവിഷൻ മുതൽ ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരിച്ചു. എന്നാൽ പരാമർശ വിധേയമായ കാലയളവിൽ പുതുക്കിയ വാടക ഈടാക്കേണ്ടതില്ല എന്നാണ് തീരുമാനം. (1992 മുതൽ 1997 വരെ) ഉണ്ടായ നഷ്ടം തിരിച്ചുപിടിക്കുന്നതിനുവേണ്ടി യാതൊരു നടപടിയും യൂണിവേഴ്സിറ്റി അധികൃതർ സ്വീകരിച്ചിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.1.5 സമിതിയുടെ നിർദ്ദേശം തള്ളിക്കളഞ്ഞുകൊണ്ട് 19-3-2005-ലെ 111-ാം നമ്പർ തീരുമാനമെടുത്ത സിൻഡിക്കേറ്റ് യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേരുകൾ ഉൾപ്പെടുന്ന രേഖകളും പ്രസ്തുത തീരുമാനവും 15 ദിവസങ്ങൾക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കുക.

<u>കോഴിക്കോട് സർവ്വകലാശാല ലഭ്യമാക്കിയ മറുപടി</u>

2.1.6 **UNIVERSITY OF CALICUT**

(Planning and Development 'A' Section)

No. PI.D.A1/642/2005.

Calicut University P. O.
673 635
dated 23-3-2005.

<u>2ND MEETING OF THE SYNDICATE 2005</u>

Date and Time .. Saturday, 19th March, 2005, 10.30 A.M.

Venue .. Syndicate Room, Calicut University.

<u>MINUTES</u>

*Members Present* :

1. Prof. (Dr.) Syed Iqbal Hasnain, The Vice-Chancellor
2. Smt. M. S. Santhi, Additional Secretary to Government, Higher Education Department.
3. Sri P. K. Abdu Rabb
4. Sri K. P. Venugopalan
5. Sri Manoharan, K. P.
6. Fr. C. A. Thomas
7. Dr. M. K. Preetha
8. Dr. U. V. K. Mohammed
9. Dr. M. Sajish.

*Also present* : Dr. P. P. Mohamed, the Registrar.

2.1.7

**2005.111**

Considered the question of irregular payment of HRA to teachers staying in Teacher's Flats and non-revision of rent of quarters with effect from 1-3-1992, resulting in heavy loss to University.

Resolved to exempt the occupants of the Teacher's Flats in the University from the recovery of rent due and the HRA claimed by them during the period from 1-3-1992 up to this Financial Year. It is further resolved to recommend to collect the rent as per rules in future and not to pay the HRA to the occupants of the flat as suggested by the Audit.

2.1.8 **UNIVERSITY OF CALICUT**

(Planning and Development 'A' Section)

No. PI.D.A1/733/2005.

Calicut University P.O.

673 635

dated 9-6-2005.

3RD MEETING OF THE SYNDICATE 2005

Date and Time .. Saturday, 4th March, 2005, 10.30 A.M.

Venue .. Conference Room, Calicut University.

MINUTES

*Members Present* :

1. Prof. (Dr.) Syed Iqbal Hasnain, The Vice-Chancellor
2. Smt. M. S. Santhi, Additional Secretary to Government,

   Higher Education Department.
3. Sri K. G. Sreekumaran Nair, Additional Secretary to Government, IT Department
4. Sri P. K. Abdu Rabb
5. Sri K.P. Venugopalan

6. Sri Manoharan, K. P.
7. Fr. C. A. Thomas
8. Dr. M. K. Preetha
9. Dr. U. V. K. Mohammed
10. Dr. M. Sajish.

*Also present* : Dr. P. P. Mohamed, the Registrar.

2.1.9.

**2005.161**

Confirmed the Minutes of the Meeting of the Syndicate held on 19-3-2005 with following emendations:

2005.069 : Note (2) under the 'Draft ordinance to the post of Assistant Librarian be modified as follows :

(2) The senior most Junior Librarian shall be promoted as Assistant Librarian Gr.II in the scale of pay of Rs. 7,800 -12,975 if he does not possess the qualifications prescribed by UGC whereas if he/she possesses the UGC qualifications he/she shall be promoted as Assistant Librarian in the scale 8000-13500.'

2005.110 : The second part of the resolution be modified as follows :

'Also resolved that a committee will study the feasibility of the course'.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.1.10 ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന കുടിശ്ശികയായ എച്ച്.ആർ.എ. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം സമിതിക്ക് ലഭ്യമാക്കുക.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

2.1.11 നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരിച്ച ഇനത്തിൽ 1992 മുതൽ 97 വരെയുള്ള കാലയളവിൽ പിരിച്ചെടുക്കേണ്ട കുടിശിക 2008 സെപ്റ്റംബർ മുതൽ 2009 ജനുവരി വരെയുള്ള അഞ്ച് മാസങ്ങളിൽ തുല്യ ഗഡുക്കളായി തിരിച്ചുപിടിച്ചിട്ടുണ്ട്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.12 ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരണ ഇനത്തിൽ പിരിച്ചെടുക്കേണ്ട തുകയിൽ 4,08,904 രൂപ പിരിച്ചെടുത്തതിന്റെ വിശദവിവരം 1-10-2009-ലെ നമ്പർ ഫിനാൻസ്/ഓഡിറ്റ്/3569/എൽ.എഫ്.എ.സി/2000-01 (വാല്യം-3) കത്തുപ്രകാരം രജിസ്ട്രാർ അറിയിച്ചിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുത്ത വിവരം ഈ കാര്യാലയത്തെ അറിയിച്ചിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.1.13 ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരണ ഇനത്തിൽ പിരിച്ചെടുക്കേണ്ട ബാക്കി തുക കൂടി പിരിച്ചെടുത്ത് അറിയിക്കുക.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ച അധികവിവരങ്ങൾ</u>

2.1.14 ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരണ ഇനത്തിൽ പിരിച്ചെടുക്കേണ്ട കുടിശ്ശിക 2008 സെപ്റ്റംബർ മുതൽ 2009 ജനുവരി വരെയുള്ള 5 മാസങ്ങളിൽ തുല്യ ഗഡുക്കളായി തിരിച്ചുപിടിച്ചിട്ടുണ്ട്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.1.15 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം നിർണ്ണയിച്ച നഷ്ടം 7,56,756 രൂപയാണ്. സർവ്വകലാശാല രജിസ്ട്രാറുടെ 5-8-2014 തീയതിയിലെ ഫിൻ. ഓഡിറ്റ് 1/3569 എൽ.എഫ്.എ.സി/2000-01 (വാല്യം 5) നമ്പർ കത്ത് പ്രകാരം 4,02,743 രൂപ തിരിച്ചുപിടിച്ചതിന്റെ സ്റ്റേറ്റ്മെന്റ് (കമ്പ്യൂട്ടർ സെല്ലിൽ നിന്നുമുള്ളത്) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. 6 ടൈപ്പ് (ഡി.ഇ.എഫ്.ജി.എച്ച്.ജെ.) ക്വാർട്ടേഴ്സുകളുള്ളതിൽ ഓരോ ക്വാർട്ടേഴ്സിലുമുള്ള ജീവനക്കാർ അടയ്ക്കേണ്ട തുകയെത്രയാണെന്ന് നിർണ്ണയിച്ച രേഖകളോ അടയ്ക്കുവാൻ ബാക്കിയുള്ളതിന്റെ വിവരങ്ങളോ ഒന്നുംതന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് 6-5-2014, 10-12-2014, 22-1-2015 തീയതികളിൽ എൽ.എഫ്.സി.യു/എ 1/361/2014-ാം നമ്പർ കത്തുകൾ പ്രകാരം കോഴിക്കോട് സർവ്വകലാശാല ലോക്കൽ ഫണ്ട് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഇന്നേവരെ ഹാജരാക്കിയിട്ടില്ല. രേഖകൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്. ഈ വിവരം ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുമുണ്ട്.

തുടർശിപാർശ

2.1.16 **ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരണ ഇനത്തിൽ അവശേഷിക്കുന്ന തുക ഈടാക്കുകയും ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 23,24

ശിപാർശ

2.2.1 പ്രതിമാസം 300 രൂപ എന്ന വളരെ കുറഞ്ഞ നിരക്കിൽ ഫ്ലാറ്റുകൾ അനുവദിച്ചുകൊടുക്കുകയും എന്നാൽ അതോടൊപ്പംതന്നെ യു.ജി.സി. ശമ്പള സ്കെയിലിലെ ഉയർന്ന നിരക്കിലുള്ള വീട്ടുവാടക ബത്തയും കൈപ്പറ്റുന്നതിന് സൗകര്യമുണ്ടാക്കി കൊടുക്കുകയും അതിലൂടെ 2,16,000 രൂപ സർവ്വകലാശാലയ്ക്ക് നഷ്ടമുണ്ടാക്കുകയും ചെയ്തിരിക്കുന്നത് സർവ്വകലാശാല ഫണ്ടിന്റെ ധൂർത്തിനുള്ള ഉത്തമോദാഹരണമാണെന്ന് സമിതി വിലയിരുത്തുന്നു.

2.2.2 പ്രതിമാസം 300 രൂപ വാടക നിരക്കിൽ സർവ്വകലാശാല അനുവദിച്ച ഫ്ലാറ്റുകളിൽ താമസിക്കുമ്പോൾതന്നെ ശമ്പളത്തോടൊപ്പം വീട്ടുവാടക ബത്ത കൈപ്പറ്റിയവരിൽനിന്ന് പ്രസ്തുത തുക മൂന്ന് മാസത്തിനുള്ളിൽ റീഫണ്ട് ചെയ്യിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഈയിനത്തിൽ സർവ്വകലാശാലയ്ക്ക് 2,16,000 രൂപ നഷ്ടമുണ്ടാക്കിയതിന് ഉത്തരവാദികൾ ആരെല്ലാമാണെന്ന് കണ്ടെത്തി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.2.3 നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ തെറ്റായി കൈപ്പറ്റിയ വീട്ടുവാടക ബത്ത തിരികെ ഈടാക്കുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.2.4 ഈ കാര്യത്തിൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

സമിതി ആരാഞ്ഞ അധികവിവരം

2.2.5 സമിതിയുടെ ശിപാർശ നടപ്പിലാക്കാതിരുന്ന രണ്ട് രജിസ്ട്രാർമാർക്കെതിരെ സർച്ചാർജ്ജ് നടപടി സ്വീകരിക്കുക.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

2.2.6 വീട്ടുവാടക ബത്ത കൈപ്പറ്റിയവരിൽ നിന്നും പ്രസ്തുത തുക ഈടാക്കാനുള്ള നടപടി ബഹു. ഹൈക്കോടതി W.P.(C) 9958/08, W.P.(C) 12328/08, W.P.(C) 20482/08 (സി) പ്രകാരം പ്രസ്തുത തുക ഈടാക്കുന്നത് താൽക്കാലികമായി തടഞ്ഞിരിക്കയാണ്. കോടതിയുടെ അന്തിമവിധിക്കനുസരിച്ച് തീരുമാനങ്ങളെടുക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.2.7 ഹൈക്കോടതിയിൽ ഫയൽചെയ്ത മൂന്ന് റിട്ട് പെറ്റീഷനിലും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കക്ഷി ആയതിനാൽ മൂന്ന് കേസിലും കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. കേസുകൾ കോടതി തീർപ്പുകൽപ്പിക്കുന്നമുറയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

<u>തുടർശിപാർശ</u>

2.2.8 **ബഹു. ഹൈക്കോടതിയിലെ കേസുകളിന്മേലുള്ള അന്തിമവിധി പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 65, 66</u>

<u>ശിപാർശ</u>

2.3.1 സർവ്വകലാശാലാ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് രജിസ്റ്ററുകളും ലഡ്ജറുകളും കൃത്യമായി എഴുതിസൂക്ഷിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത രജിസ്റ്ററുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തുകയും ചെയ്യാത്തതുകൊണ്ടാണ് രജിസ്റ്ററുകളിലെ വരവ് ചെലവിനങ്ങൾ പൊരുത്തപ്പെടാതിരിക്കുന്നതും വ്യത്യാസം കാണിക്കുന്നതെന്നും സമിതി വിലയിരുത്തുന്നു.

2.3.2 പ്രോവിഡന്റ് ഫണ്ട് രജിസ്റ്ററുകളിലും ലഡ്ജറുകളിലുമുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനും കാലാകാലങ്ങളിൽ പ്രസ്തുത രജിസ്റ്ററുകളും ലഡ്ജറുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ച് കണക്കുകളിൽ പൊരുത്തക്കേടുകൾ ഇല്ലെന്ന് ഉറപ്പാക്കുന്നതിനും വേണ്ട സ്ഥിരം സംവിധാനമുണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.3 സർവ്വകലാശാലാ ജീവനക്കാരുടെ 2006-07 വരെയുള്ള പ്രോവിഡന്റ് ഫണ്ട് രജിസ്റ്ററുകളും ലഡ്ജറുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ഈ സാമ്പത്തികവർഷം തന്നെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് നൽകുന്നതാണ്. ഇപ്പോൾ കൃത്യസമയത്ത് തന്നെ പ്രോവിഡന്റ് ഫണ്ട് തുക ട്രഷറിയിൽ ഒടുക്കി കാലതാമസം കൊണ്ടുണ്ടാവുന്ന നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

2.3.4 ഈ കാര്യത്തിൽ മുൻസ്ഥിതി തന്നെ ഇപ്പോഴും തുടർന്നു വരുന്നു. പൂർത്തിയാക്കിയ ലഡ്ജറുകളും രജിസ്റ്ററുകളും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>തുടർശിപാർശ</u>

2.3.5 **പ്രോവിഡന്റ് രജിസ്റ്ററുകളും ലഡ്ജറുകളും സൂക്ഷിക്കുന്നത് സംബന്ധിച്ച രേഖകളെല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഖണ്ഡിക നമ്പർ 74, 75</u>

<u>ശിപാർശ</u>

2.4.1 1975-76 മുതൽ ഏകദേശം 30 വർഷകാലയളവിലെ കോടിക്കണക്കിന് രൂപയുടെ അഡ്വാൻസുകൾ ഇനിയും തീർപ്പാക്കിയിട്ടില്ലാ എന്നത് യാതൊരു കാരണവശാലും ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി വിലയിരുത്തുന്നു.

2.4.2 1975-76 മുതൽ നാളിതുവരെയുള്ള അഡ്വാൻസുകൾ അടിയന്തരമായി തീർപ്പാക്കണമെന്നും ഇതിനകം ഏതുവർഷം വരെയുള്ള അഡ്വാൻസുകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്നത് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും വിശദാംശം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.4.3 മുൻകൂറായി വാങ്ങിയ തുക ക്രമീകരിക്കാൻ വീഴ്ചവരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക പരമാവധി വസൂലാക്കിയിട്ടുണ്ട്. (ലിസ്റ്റിന്റെ കോപ്പി ഇതോടൊപ്പം ഹാജരാക്കുന്നു.) ബാക്കിയുള്ള മുൻകൂർ തുകകൾ വാങ്ങിയ ഉദ്യോഗസ്ഥന്റെ കൃത്യമായ വിവരങ്ങൾ (പ്രത്യേകിച്ച് 1974-75 മുതൽ 1988-89 വരെയുള്ള) ലഭ്യമല്ലാത്തതിനാൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ഇതിൽപ്പെട്ട

ചിലർ മരണപ്പെടുകയോ റിട്ടയർ ചെയ്യുകയോ ചെയ്തവരാണ്. ആയതിനാൽ, ഇത്തരം മുൻകൂർ തുകകൾ എഴുതിത്തള്ളാനുള്ള അനുമതിക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് അനുമതി ചോദിച്ചിരുന്നുവെങ്കിലും നിയമസഭാ സമിതിയുടെ അനുമതിയില്ലാതെ അപ്രകാരം ചെയ്യാൻ പാടില്ലെന്ന് അറിയിക്കുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ ഇത്തരം മുൻകൂറുകൾ എഴുതിത്തള്ളാനുള്ള അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു. ഇപ്പോൾ ഒന്നിൽ കൂടുതൽ മുൻകൂറുകൾ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് തുടർന്ന് മുൻകൂറുകൾ നൽകാറില്ല. മാത്രമല്ല, വീഴ്ചവരുത്തുന്നവരുടെ കയ്യിൽനിന്നും പലിശ സഹിതമുള്ള തുക തിരിച്ചുപിടിക്കാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ ബജറ്റ്/ബി1/ആഡിറ്റ് ഒബ്ജക്ഷൻ 2007-08 തീയതി 18-1-2008)

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.4.4 മറുപടിയിൽ ക്രമീകരിച്ച മുൻകൂറുകളുടെ കൃത്യത പരിശോധിക്കുന്നതിന് നാളിതുവരെ യാതൊരു രേഖയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

തുടർശിപാർശ

2.4.5 **ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് നടത്തി ശിപാർശയ്ക്ക് കാരണമായ ഓഡിറ്റ് പരാമർശം പരിഹരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഖണ്ഡിക നമ്പർ 106, 107

ശിപാർശ

2.5.1 സർവ്വകലാശാലയ്ക്ക് 27,72,308 രൂപയുടെ നഷ്ടമുണ്ടായപ്പോൾ 90,000 രൂപയുടെ മാത്രം ബാദ്ധ്യത ശ്രീ. ഹരിലാലിൽ ചുമത്തുകയും ബാക്കിയുള്ള 26,82,308 രൂപയുടെ നഷ്ടത്തിനുത്തരവാദിയാരാണെന്ന് കണ്ടെത്താതിരിക്കുകയും ചെയ്യുന്നതിൽ ദുരൂഹതയുണ്ടെന്ന് സമിതി വിലയിരുത്തുന്നു. സിൻഡിക്കേറ്റ് തന്നെ രണ്ടന്വേഷണങ്ങൾ നടത്തിയിട്ടും യഥാർത്ഥ കുറ്റക്കാർ ആരാണെന്ന് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ വിശദമായ മറ്റൊരന്വേഷണത്തിലൂടെ മാത്രമേ ഇക്കാര്യത്തിലുള്ള ദുരൂഹത പുറത്തുകൊണ്ടുവരാൻ കഴിയുകയുള്ളൂവെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റക്കാർ ആരാണെന്ന് കണ്ടെത്തിയാൽതന്നെ അവർ സർവ്വീസിൽ ഉള്ളവരാണെങ്കിൽ അവർ റിട്ടയർ ചെയ്ത്, അല്ലെങ്കിൽ, സർവ്വീസിൽനിന്ന് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ നീക്കം ചെയ്ത് മൂന്ന് വർഷത്തിനുള്ളിൽ ബാധ്യതകൾ തിട്ടപ്പെടുത്തി ഈടാക്കുകയും ചെയ്തില്ലെങ്കിൽ പിന്നീട് ഈ തുക ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുമെന്ന് സമിതി വിലയിരുത്തുന്നു.

2.5.2 കോഴിക്കോട് യൂണിവേഴ്സിറ്റി പ്രസ്സിലെ പുസ്തകങ്ങളുടെ വിതരണത്തിലെ ക്രമക്കേടുകൾ വഴിയുണ്ടായ 27,72,308 രൂപയുടെ നഷ്ടത്തിന് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനായി സമഗ്രമായ മറ്റൊരു അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി പ്രസ്തുത തുക അവരിൽ നിന്ന് ഈടാക്കി 60 ദിവസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.5.3 നിയമസഭാ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണത്തിനായി ഒരു കമ്മിറ്റിയെ നിയമിക്കുകയും കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ടിൽ യൂണിവേഴ്സിറ്റിക്കുണ്ടായ നഷ്ടം 3,65,840 രൂപ മാത്രമേയുള്ളൂവെന്നും പ്രസ്തുത തുക അന്ന് ചാർജിലുണ്ടായിരുന്ന 2 അസിസ്റ്റന്റ് സൂപ്രണ്ടുമാരിൽ നിന്നും, ഒരു ഫോർമാൻ, ഒരു ബൈന്റർ-ഇൻ-ചാർജ് എന്നിവരിൽ നിന്നും ഈടാക്കാനും ശിപാർശ ചെയ്തിരുന്നു. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ റിപ്പോർട്ടിൽ ഇല്ലാത്തതിനാൽ പ്രസ്സ് സൂപ്രണ്ടിനോട് വിശദവിവരങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്സ് സൂപ്രണ്ട് നല്കിയ പേരുവിവരങ്ങൾ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി വെച്ചിരിക്കുന്നു. സിൻഡിക്കേറ്റിന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത വ്യക്തികളിൽ നിന്നും തുക ഈടാക്കി ലോക്കൽ ഫണ്ട് ഓഡിറ്ററെ വിവരം അറിയിക്കുന്നതാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

2.5.4 നഷ്ടം ഈടാക്കിയതിന്റെ വിവരം നാളിതുവരെ ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.5.5 യൂണിവേഴ്സിറ്റി ഫണ്ടിൽ അച്ചടിച്ച പുസ്തകങ്ങളുടെ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച ഓഡിറ്റ് പരാമർശം സംബന്ധിച്ച ശിപാർശ പരിഗണിക്കവെ 27,72,038 രൂപയുടെ നഷ്ടമെന്നത് ഒരു കമ്മിറ്റിയെവെച്ച് നടത്തിയ അന്വേഷണത്തിൽ 3,65,840 രൂപയാണെന്ന് കണ്ടെത്തിയതായി ഉന്നതവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ച വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഒരു മാസത്തിനുള്ളിൽ വിധേയമാക്കണമെന്നും പരിശോധനാ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു.

## ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

2.5.6 യൂണിവേഴ്സിറ്റി ഫണ്ടിൽ അച്ചടിച്ച പുസ്തകങ്ങളുടെ വിതരണ ക്രമക്കേട് സംബന്ധിച്ച് യൂണിവേഴ്സിറ്റി നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് പേരിൽ ഒരാളായ 31-12-2008-ൽ വിരമിച്ച മുൻ പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. രാജഗോപാലിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും 1,21,827 രൂപ തിരിച്ചുപിടിക്കാനായി തടഞ്ഞുവെച്ചിരിക്കുകയാണ് (ഓർഡർ നമ്പർ എ.ഡി.എച്ച്.1/ പി.ഇ.എൻ./16027/2008 തീയതി 15-9-2009).

2.5.7 സർവ്വീസിൽ നിന്നും വിരമിച്ച മുൻ അസിസ്റ്റന്റ് സൂപ്രണ്ട് (പ്രസ്സ്) ശ്രീ. ഹരിലാലിന് സേവനാനുകൂല്യങ്ങളോ പെൻഷനാനുകൂല്യങ്ങളോ ടിയാന്റെ ബാധ്യതകൾ തീർപ്പാക്കാത്തതിനാൽ ഇതുവരെയും നൽകിയിട്ടില്ല. ആയത് നൽകുന്നമുറയ്ക്ക് മേൽപ്പറഞ്ഞ തുക ഈടാക്കുന്നതാണ്.

2.5.8 ജനറൽ ഫോർമാൻ ശ്രീ. ടി. പി. വർഗ്ഗീസ് നിയമസഭാ സമിതിയുടെയും സർവ്വകലാശാലയുടെയും തീരുമാനത്തിനെതിരെ നൽകിയ ഡബ്ല്യൂ.പി.(സി) 25031/2008-ലെ ഹർജി പ്രകാരം ബഹു. കേരളാ ഹൈക്കോടതി പ്രസ്തുത തുക ഈടാക്കുന്നതിൽ നിന്നും സർവ്വകലാശാലയെ താൽക്കാലികമായി തടഞ്ഞിരിക്കുകയാണ്. ടി ആളിൽനിന്നും പിടിച്ചെടുക്കേണ്ട തുകയായ 1,21,827 രൂപ കോടതിയുടെ അന്തിമ വിധിക്കുശേഷം തീരുമാനിക്കും.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.5.9 യൂണിവേഴ്സിറ്റി നിയമിച്ച എൻക്വയറി കമ്മീഷൻ, പ്രസ്സിന്റെ നടത്തിപ്പ് കുത്തഴിഞ്ഞ രീതിയിലാണ് നടക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് പരാമർശത്തെ ഖണ്ഡിക്കുന്ന തെളിവുകളൊന്നും കണ്ടെത്തിയതായി പറയുന്നില്ല. മാത്രവുമല്ല, പ്രിന്റിംഗിന് ആവശ്യമായ മുഴുവൻ പേപ്പറും 2% വെയ്സ്റ്റേജ് ഉൾപ്പെടെ നൽകിയതായും സമ്മതിക്കുന്നുണ്ട്. എൻക്വയറി റിപ്പോർട്ടിൽ ഒരു സ്ഥലത്ത് 7,28,248 രൂപ നഷ്ടമുണ്ടായതായി പറയുമ്പോൾത്തന്നെ അതേ റിപ്പോർട്ടിൽ നഷ്ടം 3,65,840 രൂപയായി നിജപ്പെടുത്തിയത് എന്തടിസ്ഥാനത്തിലാണെന്നും വ്യക്തമല്ല. ആയതിനാൽ 27,72,038 രൂപ നഷ്ടമുണ്ടായി എന്ന പരാമർശത്തിൽ ഓഡിറ്റ് ഉറച്ചുനിൽക്കുന്നു.

2.5.10 സർവ്വകലാശാല നിജപ്പെടുത്തിയ നഷ്ടം 3,65,840 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

2.5.11 യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ച പുസ്തകങ്ങളുടെ വിതരണത്തിലെ ക്രമക്കേടിൽ 27,72,038 രൂപയുടെ നഷ്ടമെന്നത് യൂണിവേഴ്സിറ്റി ഒരു കമ്മിറ്റിയെവച്ച് നടത്തിയ അന്വേഷണത്തിൽ 3,65,840 രൂപയാണെന്നത് സംബന്ധിച്ചതിന്റെ വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന തുകയായ 27,72,038 രൂപ തുല്യ ഗഡുക്കളായി കുറ്റക്കാരായി കണ്ടെത്തിയ മൂന്നുപേരിൽ നിന്നും വസൂലാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

2.5.12 പ്രസ്തുത വിഷയത്തിൽ യൂണിവേഴ്സിറ്റി ഒരു കമ്മിറ്റിയെവച്ച് നടത്തിയ അന്വേഷണത്തിൽ 3,65,840 രൂപയാണ് നഷ്ടം എന്നത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഫയൽ (നമ്പർ എ.ഡി/എ 3/12431/05) യഥാസമയംതന്നെ (12-1-2009-ന്) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ 27,72,038 രൂപ തുല്യ ഗഡുക്കളായി കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് പേരിൽ നിന്നും വസൂലാക്കണമെന്ന സമിതിയുടെ നിർദ്ദേശം പുനഃപരിശോധിച്ച് ഒഴിവാക്കണമെന്നപേക്ഷിക്കുന്നു. നിയമസഭാ സമിതിയുടെ തെളിവെടുപ്പ് യോഗത്തിലെ ശിപാർശകൾ പ്രകാരം യൂണിവേഴ്സിറ്റി ഫണ്ടിൽ അച്ചടിച്ച പുസ്തകങ്ങളുടെ വിതരണ ക്രമക്കേട് സംബന്ധിച്ച് യൂണിവേഴ്സിറ്റി നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയ മൂന്ന് പേരിൽ ഒരാളായ സർവ്വീസിൽ നിന്നും വിരമിച്ച മുൻ പ്രസ്സ് അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. രാജഗോപാലിന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് 1,21,827 രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്. രണ്ടാമത്തെ ആളായ മുൻ പ്രസ് അസിസ്റ്റന്റ് സൂപ്രണ്ട് ശ്രീ. ഹരിലാലിന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നമുറയ്ക്ക് ബാധ്യതയായ 1,21,827 രൂപ ഈടാക്കുന്നതാണ്. മൂന്നാമത്തെയാളായ ശ്രീ. ടി. പി. വർഗ്ഗീസ് തുക ഈടാക്കുന്നതിനെതിരെ സമർപ്പിച്ച ഹർജിയുടെ അന്തിമവിധിക്ക് ശേഷം തുക തിരിച്ചുപിടിക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

2.5.13 2-1-2009 തീയതിയിലെ ഓഡിറ്റ് റിക്വിസിഷൻ പ്രകാരം 12-1-2009 തീയതിയിൽ സർവ്വകലാശാല ഹാജരാക്കിയ പ്രസ്തുത ഫയൽ പരിശോധിച്ച ശേഷമാണ് സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം 27,72,038 രൂപ തന്നെയാണെന്ന പരാമർശത്തിൽ ഓഡിറ്റ് ഉറച്ചുനിന്നിട്ടുള്ളത്. ആയതിനാൽ 27,72,038 രൂപ തന്നെയാണ് സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം. സർവ്വകലാശാല രജിസ്ട്രാറുടെ 5-8-2014 തീയതിയിലെ ഫിൻ. ഓഡിറ്റ് 1/3569/എൽ.എഫ്.എ.സി/2000-01 വാല്യം 5-ാം നമ്പർ കത്ത് പ്രകാരം സർവ്വകലാശാല നിയോഗിച്ച എൻക്വയറി കമ്മീഷൻ കണ്ടെത്തിയ നഷ്ടമായ

3,65,840 രൂപ ഈടാക്കുന്നതിന് താഴെപ്പറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്:

(1) ശ്രീ. രാജഗോപാലൻ, എ., അസിസ്റ്റന്റ് സൂപ്രണ്ട് (റിട്ട.)ന്റെ ഡി.സി.ആർ.ജി.യിൽ 1,20,827 രൂപ തിരിച്ചുപിടിച്ചിട്ടുണ്ട്.

(2) ശ്രീ. ഹരിലാലിന്റെ ഡി.സി.ആർ.ജി. നൽകുമ്പോൾ തിരിച്ചുപിടിക്കാം എന്ന് മറുപടി തന്നിട്ടുണ്ട്.

(3) ശ്രീ. ടി. പി. വർഗ്ഗീസ് കോടതിയിൽ സ്റ്റേ വാങ്ങിയതിനാൽ അന്തിമ വിധിക്ക് ശേഷം തുക തിരിച്ചുപിടിക്കാം എന്നാണറിയിച്ചിരിക്കുന്നത്.

2.5.14 സ്റ്റേ വെക്കേറ്റ് ചെയ്യാൻ നടപടികളൊന്നും യൂണിവേഴ്സിറ്റി സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിവരം ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

<u>തുടർശിപാർശ</u>

2.5.15 **ഓഡിറ്റ് പരാമർശത്തിന്മേൽ സർവ്വകലാശാല പ്രത്യേക എൻക്വയറി കമ്മിറ്റിയെവെച്ച് നഷ്ടത്തുക നിശ്ചയിച്ച് പ്രസ്തുത തുകമാത്രം ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ച നടപടി ഓഡിറ്റ് വകുപ്പിനോടും നിയമസഭാ സമിതി യോടുമുള്ള അനാദരവായി സമിതി വീക്ഷിക്കുന്നു. സർവ്വകലാശാല സമർപ്പിച്ച ഫയലുകൾ പരിശോധിച്ചശേഷമാണ് സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം 27,72,038 രൂപയാണെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേർന്നിട്ടുള്ളത്. സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം അത്രയുമില്ലെന്ന് തെളിയിക്കുവാൻ സർവ്വകലാശാലയ്ക്കായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റിംഗിൽ കണ്ടെത്തിയതും സമിതി ശിപാർശ ചെയ്തതുമായ തുകതന്നെ ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## <u>അദ്ധ്യായം III</u>

## സർക്കാരിൽനിന്ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽനിന്ന് ലഭിച്ച മറുപടികളും

<u>ഖണ്ഡിക നമ്പർ 14, 15, 16</u>

<u>ശിപാർശ</u>

3.1.1 രണ്ട് തവണയായി 1,21,911 രൂപ പെൻഷൻ ആനുകൂല്യങ്ങളായി കൈപ്പറ്റിയെന്ന് കണ്ടെത്തുകയും കോടതിവിധിയുടെ അടിസ്ഥാനത്തിൽത്തന്നെ ഈ തുക 21-4-1994 മുതൽ 18% പലിശസഹിതം തിരിച്ചടയ്ക്കണമെന്ന് സർവ്വകലാശാലാ രജിസ്ട്രാർ

നിർദ്ദേശിച്ച് ഏഴ് വർഷങ്ങൾക്ക് ശേഷവും അതിന് വിസമ്മതിക്കുന്ന പ്രൊഫ. ബി. കെ. നായർക്കെതിരെ കോടതിയലക്ഷ്യ നടപടികൾക്ക് പുറമേ വഞ്ചനാക്കുറ്റത്തിന് ക്രിമിനൽ കേസ് ഫയൽ ചെയ്ത് അനർഹമായി കൈപ്പറ്റിയ പെൻഷൻ തുകയായ 1,21,911 രൂപയും ഈ കേസുമായി ബന്ധപ്പെട്ട് സർവ്വകലാശാലയ്ക്ക് നാളിതുവരെ ഉണ്ടായിട്ടുള്ള മുഴുവൻ കോടതി ചെലവുകളും 21-4-1994 മുതൽ 18% പലിശസഹിതം തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങൾ രണ്ട് മാസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.1.2 ഒരിക്കൽ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയ വിവരം മറച്ചുവച്ച് കോടതിയെ തെറ്റിദ്ധരിപ്പിച്ച് ഹൈക്കോടതി വിധിയിലൂടെ രണ്ടാം തവണയും ബന്ധപ്പെട്ട കക്ഷിക്ക് പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് സഹായകരമായ രീതിയിൽ സംഗതി വിവരണം (സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്റ്റ്സ്) തയ്യാറാക്കിനൽകി സർവ്വകലാശാലയ്ക്ക് ഇത്രയും വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കിയതിനുത്തരവാദികളായവർക്കും കോടതിവിധി വന്നപ്പോൾ വിധി വേണ്ടരീതിയിൽ പഠിക്കാതെ രണ്ടാം തവണയും പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ച സർവ്വകലാശാലാ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് കണ്ടെത്തി അവർക്കും എതിരെ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.1.3 പ്രൊഫ. ബി. കെ. നായർക്ക് രണ്ട് തവണ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതു പോലെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട ആളുകളിൽനിന്ന് തുക എളുപ്പത്തിൽ ഈടാക്കുന്നതിനുവേണ്ടി ഇപ്പോൾ റവന്യൂ റിക്കവറി ആക്ടിന്റെ പരിധിയിൽ വരാത്ത സർവ്വകലാശാലകളെക്കൂടി റവന്യൂ റിക്കവറി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.4 പ്രൊഫ. ബി. കെ. നായർക്ക് അനർഹമായി നൽകിയ പെൻഷൻ തുകയായ 1,21,911 രൂപ 18% പലിശസഹിതം അദ്ദേഹത്തിന് ലഭിക്കേണ്ടതായ പെൻഷൻ റിവിഷനെ തുടർന്നുള്ള കുടിശ്ശികയിൽ നിന്നും വസൂലാക്കാനും ബാക്കി തുക വല്ലതുമുണ്ടെങ്കിൽ അത് അദ്ദേഹത്തിന് നല്കേണ്ട മാസ പെൻഷനിൽ നിന്നും ഗഡുക്കളായി തിരിച്ചുപിടിക്കാനും തീരുമാനിച്ചു.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.1.5 നാളിതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

<u>സമിതിആരാഞ്ഞ അധികവിവരം</u>

3.1.6 പെൻഷൻ ആനുകൂല്യങ്ങൾ രണ്ട് തവണ കൈപ്പറ്റിയ പ്രൊഫ. ബി. കെ. നായരിൽ നിന്നും അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിനുള്ള 7-1-2008-ലെ സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കാതിരുന്ന രണ്ട് രജിസ്ട്രാർമാർക്കെതിരെ പതിനഞ്ച് ദിവസത്തിനുള്ളിൽ സർച്ചാർജ്ജിനുള്ള നടപടി സ്വീകരിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.1.7 പ്രൊഫ. ബി. കെ. നായർ അധികമായി കൈപ്പറ്റിയ തുകയിൽ 75,546 രൂപ ബിൽ നമ്പർ 152 പ്രകാരം 23-7-2008-ലും 6,180 രൂപ ബിൽ നമ്പർ 101 പ്രകാരം 29-5-2009-ലും തിരിച്ചുപിടിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക അദ്ദേഹത്തിന് ഇനി കൊടുക്കാനുള്ള ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചുപിടിക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.1.8 പ്രൊഫ. ബി. കെ. നായരിൽ നിന്നും ഈടാക്കേണ്ട തുകയിൽ 75,564 രൂപ അദ്ദേഹത്തിന്റെ പെൻഷൻ പരിഷ്കരണ കുടിശ്ശികയിൽ നിന്നും (1-4-2005 മുതൽ) ബിൽ നമ്പർ 152/23-7-2008 പ്രകാരം ഈടാക്കിയിട്ടുള്ളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു. ഇതു കൂടാതെ 6,180 രൂപ ടിയാന്റെ ഡി.ആർ. അരിയറിൽ നിന്നും 101/29-6-2009-ബിൽ പ്രകാരവും 4,640 രൂപ 236/24-11-2009-ബിൽ പ്രകാരവും ഈടാക്കിയിട്ടുണ്ട്. ബാക്കി 35,527 രൂപയും പലിശയും ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിച്ചിട്ടില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.1.9 അധികമായി കൈപ്പറ്റിയ തുകയിൽ ഇനിയും ഈടാക്കേണ്ടതായ 35,527 രൂപയും പലിശയും പ്രൊഫ. ബി. കെ. നായരിൽ നിന്ന് ഈടാക്കിയ ശേഷം വിവരം സമിതിയെ അറിയിക്കാൻ നിർദ്ദേശിച്ചു.

<u>ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.1.10. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 5539/01-ാം നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ പ്രൊഫ. ബി. കെ. നായരിൽ നിന്നും ഈടാക്കാനുള്ള മൊത്തം തുക 1,03,005 രൂപയാണ്. പ്രസ്തുത വിധിപ്രകാരം മേൽപ്പറഞ്ഞ തുകയ്ക്കുള്ള പലിശ ഈടാക്കേണ്ടതില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രൊഫ. ബി. കെ. നായരുടെ

പെൻഷൻ കുടിശ്ശികയിൽ നിന്നും നാളിതുവരെ 96,478 രൂപ തിരിച്ചു പിടിച്ചിട്ടുണ്ട്. ബാക്കി വരുന്ന തുകയായ 6,527 രൂപ ടിയാന്റെ പെൻഷൻ പുതുക്കി നിശ്ചയിച്ചതിന് ശേഷം കുടിശ്ശികയിൽ നിന്നും തിരിച്ചു പിടിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.1.11 പ്രൊഫ. ബി. കെ. നായർ അധികമായി കൈപ്പറ്റിയ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തിരിച്ചു പിടിക്കാൻ ബാക്കിയുണ്ടായിരുന്ന തുകയായ 6,527 രൂപ ടിയാന്റെ പെൻഷൻ കുടിശ്ശിക അനുവദിച്ച 22-10-2012-ലെ 2012990516-ാം നമ്പർ ബില്ലിലൂടെ ഈടാക്കിയതായി കാലിക്കറ്റ് സർവ്വകലാശാല ഫിനാൻസ് ഓഫീസറുടെ 2-11-2012-ലെ ഫിൻ. ഓഡിറ്റ് 1/3569/എൽ.എഫ്.എ.സി./2000-01 (വാല്യം III) നമ്പർ കത്തിലൂടെ അറിയിച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടു.

<u>ഖണ്ഡിക 26</u>

<u>ശിപാർശ</u>

3.2 ഈ ഓഡിറ്റ് ഖണ്ഡിക ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് തീർപ്പാക്കിയത് സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 28</u>

<u>ശിപാർശ</u>

3.3 ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 30</u>

<u>ശിപാർശ</u>

3.4 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിച്ചു.

<u>ഖണ്ഡിക 34</u>

<u>ശിപാർശ</u>

3.5 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരിശോധനയിൽ തീർപ്പാക്കിയത് സമിതി അംഗീകരിച്ചു.

## ഖണ്ഡിക നമ്പർ 38, 39

### ശിപാർശ

3.6.1 ഗ്രാഡ്വേറ്റ് അപ്രന്റീസ് ട്രെയിനികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് തുകയുടെ 50% റീഇമ്പേഴ്സ് ചെയ്തു കിട്ടാനുള്ള വ്യവസ്ഥയുണ്ടായിട്ടും പ്രസ്തുത തുക യഥാസമയം റീഇമ്പേഴ്സ് ചെയ്ത് എടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തത് സർവ്വകലാശാലയുടെ ബന്ധപ്പെട്ട വകുപ്പ് മേധാവികളുടെ അനാസ്ഥമൂലമാണെന്ന് സമിതി വിലയിരുത്തുന്നു.

3.6.2 ഗ്രാഡ്വേറ്റ് അപ്രന്റീസ് ട്രെയിനികൾക്ക് നൽകുന്ന സ്റ്റൈപ്പന്റ് തുകയുടെ 50% കൃത്യമായി റീഇമ്പേഴ്സ് ചെയ്തെടുക്കുന്നതിന് സർവ്വകലാശാലയുടെ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകി അർഹമായ സ്റ്റൈപ്പന്റ് തുക റീഇമ്പേഴ്സ് ചെയ്ത് ലഭിക്കുന്നുവെന്നുറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഇങ്ങനെ റീഇമ്പേഴ്സ് ചെയ്ത് ലഭിച്ച തുകയുടെ വിശദാംശം സമിതിക്ക് നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

3.6.3 ഗ്രാഡ്വേറ്റ് അപ്രന്റീസ് ട്രെയിനികൾക്ക് നൽകുന്ന സ്റ്റൈപ്പന്റിന്റെ 50% റീഇമ്പേഴ്സ് ചെയ്തു എടുത്തതിന്റെ രേഖകൾ ഇതോടൊപ്പം ഹാജരാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലുള്ള വിയോജിപ്പ് ഒഴിവാക്കിത്തരണമെന്നപേക്ഷിക്കുന്നു.

### ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.6.4 പരാമർശവിധേയമായ കാലയളവുമുതലുള്ള (1997-98) വരവിനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

### സമിതി നിർദ്ദേശം

3.6.5 സ്റ്റൈപ്പന്റ് തിരിച്ചുപിടിക്കൽ പ്രക്രിയ തുടരണം.

### ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

3.6.6 സ്റ്റൈപ്പന്റ് തിരിച്ചുപിടിക്കൽ പ്രക്രിയ തുടരുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.6.7 സ്റ്റൈപ്പന്റ് ഇനത്തിൽ തിരികെ ലഭിച്ച 27,325 രൂപ 130/4-12-2003 ചെലാൻ പ്രകാരവും 20,787 രൂപ 128/18-5-2002 ചെലാൻ പ്രകാരവും 7,036 രൂപ 520/28-3-2003 ചെലാൻ പ്രകാരവും 12,180 രൂപ 1858/30-8-2002 ചെലാൻ പ്രകാരവും 11,832 രൂപ 30-12-2005-ലെ ചെലാൻ പ്രകാരവും 35,460 രൂപ 15-6-2007-ലെ ചെലാൻ പ്രകാരവും സർവ്വകലാശാലാ ഫണ്ടിൽ അടവാക്കിയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുന്നു. അതത് കാലഘട്ടത്തിലെ സ്റ്റൈപ്പന്റ് തിരിച്ചുപിടിക്കുന്നത് തുടർ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുമ്പോൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ഖണ്ഡിക നമ്പർ 45, 46</u>

<u>ശിപാർശ</u>

3.7.1 സർവ്വകലാശാലയ്ക്ക് കേന്ദ്ര ഗവൺമെന്റും യു.ജി.സി.യും നൽകുന്ന ധനസഹായം റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിലായതിനാൽ 9-ാം പദ്ധതിയിൽ അനുവദിച്ച ധനസഹായം യഥാസമയം പൂർണ്ണമായി ചെലവഴിക്കുകയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തില്ലെങ്കിൽ 10-ാം പദ്ധതി കാലയളവിൽ ഈ തുക ലഭിക്കാതെപോകുമെന്ന് സമിതി മനസ്സിലാക്കുന്നു. ഇങ്ങനെ കോടിക്കണക്കിന് രൂപ സർവ്വകലാശാലയ്ക്ക് നഷ്ടപ്പെടാൻ ഇടയുണ്ട്. ഈ സാഹചര്യം ഒഴിവാക്കേണ്ടതാണ്.

3.7.2 യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ കൺകറന്റ് ഓഡിറ്റർ പരിശോധിച്ച വൗച്ചറുകളുടെയോ അല്ലെങ്കിൽ ഓഡിറ്റ് റിപ്പോർട്ടുകളുടെയോ അടിസ്ഥാനത്തിൽ സർവ്വകലാശാലയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനകാര്യ വകുപ്പ്**

<u>സ്വീകരിച്ച നടപടി</u>

3.7.3 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ടിലെ അദ്ധ്യായം 5, ഖണ്ഡിക 3(ഐ), 3(ജെ) എന്നിവയിൽ രേഖകൾ നൽകാത്തതിനാലും തെറ്റായ കണക്കുകൾമൂലവും 19,06,730 രൂപയും 66,081 രൂപയും യഥാക്രമം നഷ്ടപ്പെട്ട

എന്ന് കണ്ടെത്തിയതായി സൂചിപ്പിച്ചിട്ടുണ്ട്. ഇത് അനന്തര നടപടികൾക്കായി നിയമസഭാ സമിതിക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഓഡിറ്റ് ഖണ്ഡികകൾക്ക് സർവ്വകലാശാല നൽകിയ മറുപടിയിൽ 'കണക്കുകളും ധനവിനിയോഗ സർട്ടിഫിക്കറ്റുകളും ഓഡിറ്റിൽ നിന്നും കിട്ടുന്നമുറയ്ക്ക് യു.ജി.സി.ക്ക് സമർപ്പിച്ച് തുക കിട്ടാൻവേണ്ട നടപടികൾ എടുത്തുവരുന്നു' എന്ന് അറിയിച്ചിരുന്നു. ഇതിലൂടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള കാലതാമസംമൂലമാണ് ഇത് സംഭവിച്ചത് എന്ന് വരുത്തിത്തീർക്കുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്.

3.7.4 സാധാരണയായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് രജിസ്ട്രാർ/ഫൈനാൻസ് ഓഫീസറുടെ കത്ത് കിട്ടിയശേഷം ബന്ധപ്പെട്ട ഗ്രാന്റ് ഉത്തരവുകൾ, ഗ്രാന്റ് തുക യൂണിവേഴ്സിറ്റി ഫണ്ടിൽ വരവ്, ടി തുക പലിശ ലഭിക്കുന്ന അക്കൗണ്ടിലാണോ നിക്ഷേപിച്ചത്, ഗ്രാന്റ് അനുമതി ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണോ തുക ചെലവഴിച്ചത്, ചെലവുകൾ ധനകാര്യ ചട്ടങ്ങൾ/നിയമങ്ങൾ പാലിച്ചുകൊണ്ടാണോ നടത്തിയത്, സാധനങ്ങൾ/ഉപകരണങ്ങൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരമാണോ, സാധനങ്ങൾ/ഉപകരണങ്ങൾ സ്റ്റോക്കിൽ/അസറ്റ് രജിസ്റ്ററിൽ ഇൻവെസ്റ്റിഗേറ്ററുടെ മേലൊപ്പോടുകൂടി (വരവ്, ഇഷ്യൂ, ബാലൻസ് വിവരങ്ങൾ) രേഖപ്പെടുത്തിയിട്ടുണ്ടോ ? ഫണ്ടിംഗ് ഏജൻസി നിഷ്കർഷിക്കുന്ന വിധത്തിൽ വരവ്-ചെലവ് കണക്കുകൾ സൂക്ഷിച്ചിട്ടുണ്ടോ? ഗ്രാന്റ് ഏത് ആവശ്യത്തിനാണോ അനുവദിച്ചത്, ആ ആവശ്യത്തിനു തന്നെയാണോ വിനിയോഗിച്ചത് ? അനുമതി ഉത്തരവിൽ സൂചിപ്പിച്ച കാലയളവിനുള്ളിലാണോ തുക വിനിയോഗിച്ചത് ? അല്ലെങ്കിൽ ഫണ്ടിംഗ് ഏജൻസിയിൽ നിന്നും കാലയളവ് നീട്ടിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ? കൂടാതെ എന്നീ കാര്യങ്ങളും പ്രോഗ്രസ് റിപ്പോർട്ടും പരിശോധനാവിധേയമാക്കി നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷമാണ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കാറുള്ളത്.

3.7.5 സമിതി നിർദ്ദേശിച്ച പ്രകാരം കൺകറന്റ് ഓഡിറ്റർ പരിശോധിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നത് പ്രായോഗികമല്ല. കാരണം സ്കീമുകൾക്ക്/പ്രോജക്ടുകൾക്ക് പദ്ധതിയിനത്തിൽ യു.ജി.സി/ സംസ്ഥാന സർക്കാർ ഗ്രാന്റ് മുതലായവ യൂണിവേഴ്സിറ്റി പൊതുഫണ്ടിൽ വരവുവയ്ക്കുകയും സാമ്പത്തിക വർഷാവസാനം വിവിധ വകുപ്പ്/വിഭാഗങ്ങളുടെ തലവന്മാരുടെ യോഗം വിളിച്ച് ആവശ്യാനുസരണം അനുവദിക്കുകയുമാണ് പതിവ്. ഇങ്ങനെ അനുവദിച്ച തുക ഫൈനാൻസ് ഓഫീസർ മുൻകൂറായി വിവിധ വകുപ്പ് മേധാവികൾക്ക് നൽകും.

അതോടുകൂടി ഫൈനാൻസ് ഓഫീസർ തന്റെ കണക്കിൽ ചെലവായി രേഖപ്പെടുത്തും. എന്നാൽ ടി തുക വകുപ്പ് തലവന്മാരുടെ പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. തങ്ങൾക്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിക്കാത്തവരും ഭാഗികമായി ഉപയോഗിക്കുന്നവരുമുണ്ട്. അത്തരത്തിൽ വിനിയോഗിക്കാത്ത തുക അതത് മേലധികാരികൾ പൊതുഫണ്ടിൽ തിരിച്ചടയ്ക്കുന്നു. ഏത് ആവശ്യത്തിനാണോ തുക അനുവദിച്ചത് ആയതിന് ഉപയോഗിക്കുന്നില്ല. ഉദാഹരണത്തിന് 15-2-2002, 27-3-2002 എന്നീ തീയതികളിലെ പി.എൽ.ഡി./സി 1/647/98-ാം നമ്പർ യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം യൂണിവേഴ്സിറ്റി എഞ്ചിനീയർക്ക് നൽകിയ യു.ജി.സി.യുടെ ഒമ്പതാം പദ്ധതി വിഹിതമായി 10,00,000 (പത്ത് ലക്ഷം) രൂപ യൂണിവേഴ്സിറ്റി എഞ്ചിനീയർ ടേം ഡെപ്പോസിറ്റായി സൂക്ഷിക്കുകയും അതിൽ 93,275 രൂപ മാത്രം ചെലവാക്കി 9,06,725 രൂപ (6,725 + 9,00,000) 22-5-2004, 2-12-2004 എന്നീ തീയതികളിൽ യൂണിവേഴ്സിറ്റി ഫണ്ടിൽ ഒടുക്കുകയുമാണ് ഉണ്ടായത്. ടി ഗ്രാന്റിന്റെ വിനിയോഗ കാലാവധി 31-3-2002 ആയിരുന്നു. ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ ഓഡിറ്റിൽ കണ്ടെത്തിയിരുന്നു. ഇങ്ങനെ പൊതുഫണ്ടിൽ നിന്നും മുൻകൂർ നൽകുന്ന തുക യഥാർത്ഥത്തിൽ ചെലവാകാതെ വകുപ്പ് മേധാവിയുടെ പി.ഡി. അക്കൗണ്ടിൽ നിക്ഷേപമായി കിടക്കുന്ന സാഹചര്യത്തിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുക എന്ന സമിതിയുടെ നിർദ്ദേശം പ്രായോഗികമല്ലാത്തതും അപ്രകാരം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുകയാണെങ്കിൽ അത് ഓഡിറ്റിന്റെ ലക്ഷ്യത്തെ തുരങ്കംവയ്ക്കുന്ന നടപടിയായിത്തീരുന്നതുമാണ്.

3.7.6 യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാൻ വൈകിയതുകൊണ്ട് ഏതെങ്കിലും ഗ്രാന്റ് സർവ്വകലാശാലയ്ക്ക് നഷ്ടമായിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച വിവരത്തിന് സർവ്വകലാശാല ഓഡിറ്റ് കാര്യാലയത്തിൽ നിന്നും 23-2-2007-ൽ എൽ.എഫ്.സി.യു.എ 1/122/07 നമ്പരായി സർവ്വകലാശാല രജിസ്ട്രാർ/ഫൈനാൻസ് ഓഫീസർക്ക് കത്ത് നൽകുകയുണ്ടായി. ഇതിന് മറുപടി ലഭിച്ചിട്ടില്ല.

<u>സമിതിയുടെ അഭിപ്രായം</u>

3.7.7 പ്രസ്തുത മറുപടി തൃപ്തികരമല്ല.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.8 ആഗസ്റ്റ് 1984 മുതൽ ഫെബ്രുവരി 89 വരെയുള്ള കാലയളവിൽ മൈനോറിറ്റി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ എൻ.ഇ.ടി. തുടങ്ങിയ പരീക്ഷകൾക്ക് കോച്ചിംഗ്

നൽകുന്നതിനുവേണ്ടി യു.ജി.സി.യിൽ നിന്നും മൊത്തം 3.6 ലക്ഷം രൂപ യൂണിവേഴ്സിറ്റിക്ക് ലഭിക്കുകയുണ്ടായി. തുടർന്നും, യൂണിവേഴ്സിറ്റി ഈ കോഴ്സ്, യു.ജി.സി. സഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ സ്വന്തം ഫണ്ടുപയോഗിച്ച് നടത്തിക്കൊണ്ടുപോയി. ഈ ഇനത്തിൽ യൂണിവേഴ്സിറ്റിക്ക് ലഭിക്കേണ്ട തുകയായ 19,06,730 രൂപ അനുവദിച്ചുതരുവാൻ 2005 സെപ്റ്റംബർ മാസം ബാംഗ്ലൂരിൽവെച്ച് യു.ജി.സി. മൈനോറിറ്റി കോച്ചിംഗ് സെന്ററുകളുടെ കോ-ഓർഡിനേറ്റർമാരുടെ മീറ്റിംഗിൽവെച്ച് യു.ജി.സി. അധികാരികളോട് ആവശ്യപ്പെട്ടിരുന്നു. 2007 ഓഗസ്റ്റിൽ വീണ്ടും ഈ കാര്യം യു.ജി.സി. അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ കാലാവധി തീർന്നതിനാൽ ഈ തുക ലഭിക്കുമെന്ന് കരുതുന്നില്ല. ആയതിനാൽ ഈ സംഖ്യ യൂണിവേഴ്സിറ്റി ഫണ്ടിൽ നിന്നും ചെലവഴിച്ചതായി കണക്കാക്കേണ്ടതാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.7.9 അഭിപ്രായമില്ല.

<u>ഖണ്ഡിക നമ്പർ 50, 51</u>

<u>ശിപാർശ</u>

3.8.1 കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന് സർവ്വകലാശാലയുടെ ഉയർന്ന ഉദ്യോഗസ്ഥർ സമ്മതിക്കുമ്പോൾതന്നെ യു.ജി.സി., കേന്ദ്ര സർക്കാർ ഏജൻസികൾ, മറ്റ് ധനസഹായ ഏജൻസികൾ എന്നിവയിൽനിന്ന് ഗവേഷണ പ്രവർത്തനങ്ങൾക്ക് ലഭിക്കാനുള്ള ധനസഹായം നേടിയെടുക്കുന്നതിനാവശ്യമായ ധനവിനിയോഗ കണക്കുകളും സർട്ടിഫിക്കറ്റുകളും യഥാസമയം ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകാതിരിക്കുകയും അതുവഴി ധനസഹായം നഷ്ടപ്പെടുകയും ചെയ്യുന്നത് ബന്ധപ്പെട്ട സെക്ഷനുകൾ ഇക്കാര്യങ്ങളിൽ വളരെ ലാഘവബുദ്ധിയോടെ പ്രവർത്തിക്കുന്നതുമൂലമാണെന്ന് സമിതി കരുതുന്നു. ഫിസിക്സ് വകുപ്പിലെ റിസർച്ച് പ്രോജക്ടിൽ ചെലവായ 54,095 രൂപ മടക്കിത്തരുന്നതിന് കേന്ദ്ര സർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചതായോ പ്രസ്തുത തുക തിരികെ ലഭിച്ചതായോ വ്യക്തമാക്കിയിട്ടില്ല. അതുപോലെതന്നെ സുവോളജി വകുപ്പ് ഏറ്റെടുത്ത പ്രോജക്ടിന് ലഭിക്കേണ്ടിയിരുന്ന 11,986 രൂപ തിരികെ ലഭിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ഇക്കാര്യത്തിൽ സയൻസ് ആന്റ് ടെക്നോളജി വകുപ്പിന് കത്തെഴുതിയിട്ടുണ്ടോപോലും അറിയിച്ചിട്ടില്ല.

3.8.2 ഫിസിക്സ്, സുവോളജി വകുപ്പുകളിൽ ഏറ്റെടുത്ത റിസർച്ച് പ്രോജക്റ്റുകൾക്ക് കേന്ദ്ര സർക്കാരിന്റെ സയൻസ് ആന്റ് ടെക്നോളജി വകുപ്പിൽനിന്ന് ലഭിക്കേണ്ട, യഥാക്രമം 54,095 രൂപയും 11,986 രൂപയും തിരികെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും തിരികെ ലഭിക്കുന്ന തുകയുടെ വിശദാംശം സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.8.3 പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാർ നേരിട്ട് ഫണ്ടിംഗ് ഏജൻസിയുമായി ബന്ധപ്പെട്ടപ്പോൾ പദ്ധതിയുടെ കാലാവധി തീർന്നതിനാൽ അതിലേക്ക് തുക അനുവദിക്കാൻ നിർവ്വാഹമില്ലാ എന്നാണ് പറഞ്ഞത്. അതിനാൽ തുടർനടപടികൾ കൈക്കൊള്ളുവാൻ യൂണിവേഴ്സിറ്റിക്ക് ബുദ്ധിമുട്ടുണ്ട്. ഈ സാഹചര്യത്തിൽ നിയമസഭാ സമിതിയുടെ ഇക്കാര്യത്തിലുള്ള വിയോജിപ്പ് ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. മാത്രമല്ല മുൻകാലങ്ങളിൽ സർവ്വീസ് ഹെഡ്ഡിൽ സംഖ്യ വകയിരുത്താറില്ല. മേലിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.8.4 മേൽ സ്ഥാപനത്തിൽ നിന്നും ലഭിക്കേണ്ട 54,095 രൂപയും 11,986 രൂപയും പ്രോജക്ടിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതുകൊണ്ട് നഷ്ടമായി. ടി തുക നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

<u>ഖണ്ഡിക നമ്പർ 54, 55</u>

<u>ശിപാർശ</u>

3.9.1 യു.ജി.സി. ശമ്പള പദ്ധതിയിൽപ്പെടുന്ന അദ്ധ്യാപകർ സംസ്ഥാന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അനുവദിക്കുന്ന ശമ്പള പരിഷ്കരണ നടപടികൾക്കും അതിന് മുന്നോടിയായി അനുവദിക്കുന്ന ഇടക്കാലാശ്വാസത്തിനും അർഹരാണോ അല്ലയോ എന്ന് വ്യക്തമായ ഒരു തീരുമാനംപോലും എടുക്കാതെ, ഇടക്കാലാശ്വാസം നൽകുകയും പിന്നീട് അത് തിരിച്ചുപിടിക്കുന്നതിന് കുടിശ്ശിക ബിൽ സമർപ്പിക്കുന്നതുവരെ കാത്തിരിക്കുകയും ചെയ്യുക എന്നിവ സർവ്വകലാശാലയുടെ സാമ്പത്തിക അച്ചടക്കമില്ലായ്മയ്ക്ക് മകുടോദാഹരണമാണെന്ന് സമിതി വിലയിരുത്തുന്നു. അതുപോലെതന്നെ ഇങ്ങനെ ഇടക്കാലാശ്വാസം അനുവദിച്ച വകയിൽ 9,78,072 രൂപ അധികം ചെലവായതായി കണക്കാക്കിയിട്ടുണ്ടെങ്കിലും യു.ജി.സി. പദ്ധതിയിൽപ്പെടുന്ന അദ്ധ്യാപകർക്ക് ശമ്പള

കുടിശ്ശിക നൽകാനുള്ള തുക എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് അത് കണക്കാക്കിയിട്ടില്ല എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. അനർഹമായി നൽകിയ ഇടക്കാലാശ്വാസ തുകയിൽനിന്ന് ഇതിനകം റിക്കവർ ചെയ്ത തുകയുടെ വിശദാംശം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിനും ഇല്ലെന്നായിരുന്നു ബന്ധപ്പെട്ട സർവ്വകലാശാലാ ഉദ്യോഗസ്ഥന്റെ മറുപടി. ശ്രീ. ബി. കെ. നായർക്ക് രണ്ടുതവണ പെൻഷൻ ആനുകൂല്യങ്ങൾ നൽകേണ്ടിവന്നതുമായി സാദൃശ്യമുള്ള സംഭവമാണ് ഇക്കാര്യത്തിലുമുണ്ടായിട്ടുള്ളതെന്ന് സമിതി വിലയിരുത്തുന്നു.

3.9.2 കോഴിക്കോട് സർവ്വകലാശാലയിലെ, യു.ജി.സി. പദ്ധതിയിൽ ഉൾപ്പെടുന്ന അദ്ധ്യാപകർക്ക് അനർഹമായി നല്കിയ ഇടക്കാലാശ്വാസ തുക പൂർണ്ണമായും തിരിച്ചുപിടിക്കണമെന്നും അതുമായി ബന്ധപ്പെട്ട മുഴുവൻ കണക്കുകളും രണ്ടുമാസത്തിനുള്ളിൽ സമിതിക്ക് നൽകണമെന്നും ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻവേണ്ട നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.9.3 അദ്ധ്യാപകർക്ക് അനർഹമായി നല്കിയ ഇടക്കാലാശ്വാസം മുഴുവനായും തിരിച്ചുപിടിച്ചതിന്റെ എല്ലാ രേഖകളും കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റിന് സാക്ഷ്യപ്പെടുത്താൻ നൽകിയിട്ടുണ്ട്. സാക്ഷ്യപത്രം കിട്ടുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ്.

<u>ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി</u>

3.9.4 ഈ കാര്യത്തിൽ യൂണിവേഴ്സിറ്റി നൽകിയ മറുപടി വസ്തുതാവിരുദ്ധമാണ്. ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനായി സാക്ഷ്യപത്രം നൽകാനാവശ്യമായ രേഖകൾ യാതൊന്നുംതന്നെ ഈ ഓഫീസിൽ നാളിതുവരെ ഹാജരാക്കിയിട്ടില്ല.

<u>സമിതിയുടെ നിർദ്ദേശം</u>

3.9.5 യു.ജി.സി. പദ്ധതിയിൽ വരുന്ന അദ്ധ്യാപകർക്ക് അനർഹമായി അനുവദിച്ച ഇടക്കാലാശ്വാസം തിരിച്ചുപിടിച്ചത് സംബന്ധിച്ച് എല്ലാ രേഖകളും പി.എഫ്. അക്കൗണ്ടിൽ കണ്ടെത്തിയ പൊരുത്തക്കേടുകളുള്ള എല്ലാ രജിസ്റ്ററുകളും മാർച്ച് 31-നുമുമ്പ് പരിശോധനയ്ക്ക് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ട്</u>

3.9.6 അനർഹമായി ഇടക്കാലാശ്വാസം അനുവദിച്ച 161 അദ്ധ്യാപകരിൽ 133 വ്യക്തികളിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ (വൗച്ചറുകൾ) ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ബാക്കിവരുന്ന തുക 28 അദ്ധ്യാപകരുടെ വൗച്ചറുകൾ തെരഞ്ഞെടുത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് നൽകാനുള്ള സത്വരനടപടികൾ എടുത്തിട്ടുണ്ട്. പി.എഫ്. അക്കൗണ്ടിലെ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തിയ 2006-07 വരെയുള്ള രജിസ്റ്ററുകൾ പ്രിന്റ് ചെയ്ത് തയ്യാറാക്കിവച്ചിട്ടുണ്ട്. ആയത് സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. സൂക്ഷ്മപരിശോധനയ്ക്കുശേഷം രജിസ്റ്ററുകൾ 2009 ഒക്ടോബർ 12-ാം തീയതിക്കുമുമ്പായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് പരിശോധനയ്ക്കായി സമർപ്പിക്കുന്നതാണ്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.9.7 അനർഹമായി ഇടക്കാലാശ്വാസം അനുവദിച്ച 161 അദ്ധ്യാപകരിൽ 131 വ്യക്തികളിൽനിന്ന് തുക തിരിച്ചുപിടിച്ച വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടുള്ളൂ. 133 എന്നത് ശരിയല്ല. ബാക്കി 30 പേരിൽ നിന്നും തുക തിരികെ ഈടാക്കിയതിന്റെ വിശദവിവരം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

3.9.8 ഹാജരാക്കിയ പി.എഫ്. ലെഡ്ജറുകൾ പരിശോധിക്കാനാവശ്യമായ അധിക വിവരങ്ങൾ ആവശ്യപ്പെട്ട് 3-11-2009-ന് ഫിനാൻസ് ഓഫീസർക്ക് കത്തുനൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

3.9.10 അനർഹമായി അനുവദിച്ച ഇടക്കാലാശ്വാസത്തിൽ ഇനിയും തിരിച്ചുപിടിക്കാനുള്ള ബാക്കി തുക അത് കൈപ്പറ്റിയ 30 അദ്ധ്യാപകരിൽ നിന്നും രണ്ടാഴ്ചയ്ക്കകം ഈടാക്കി സമിതിയെ അറിയിക്കണമെന്നും പ്രസ്തുത തുക നിശ്ചിത ദിവസത്തിനകം തിരികെ ഈടാക്കിയില്ലെങ്കിൽ ഇടക്കാലാശ്വാസം അനുവദിച്ച ഫിനാൻസ് ഓഫീസറുടെ പേരിൽ ബാധ്യത നിർണ്ണയിക്കുന്നതിനും സമിതി നിർദ്ദേശിച്ചു.

<u>ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.9.11 അനർഹമായി അനുവദിച്ച ഇടക്കാലാശ്വാസത്തിൽ ഇനിയും തിരിച്ചുപിടിക്കാനുള്ള 30 പേരിൽ 2 പേരിൽ നിന്നും തുക തിരികെ പിടിച്ചിട്ടുണ്ട്. കൂടാതെ

ഡോ. പി. ടി. ജോസഫ്, ഫിസിക്കൽ എഡ്യൂക്കേഷൻ കോ-ഓർഡിനേറ്ററായി 1-12-1995 മുതലും ശ്രീമതി മഹേശ്വരിയമ്മ പാരാമെഡിക്കൽ വിഭാഗം ഡയറക്ടറായി 18-1-1997-ലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്നവരാണ്. ഇവർ നോൺ ടീച്ചിംഗ് വിഭാഗത്തിൽപ്പെടുന്നു. എന്നാൽ യു.ജി.സി. സ്കെയിൽ ബാധകമല്ല. ബാക്കിവരുന്ന തുക തിരിച്ചുപിടിക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നു.

അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.9.12 30 പേരിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽവന്ന 2 പേർ ഒഴികെ ബാക്കിയുള്ള 28 അദ്ധ്യാപകരിൽ 15 പേരിൽ നിന്നും തുക തിരിച്ചുപിടിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 13 പേരിൽ നിന്നുമായി 58,439 രൂപ തിരിച്ചുപിടിക്കുവാൻ ബാക്കിയുണ്ട്:

| പേര് | തുക |
|---|---|
| ഡോ. വി. സുമംഗല | 4,938 |
| ഡോ. സി. പി. അച്യുതൻ ഉണ്ണി | 9,415 |
| ഡോ. കെ. ഇ. വത്സല | 5,435 |
| ഡോ. വിനീതാ മേനോൻ | 2,280 |
| ഡോ. എസ്. ഗ്രിഗറി | 560 |
| ഡോ. എം. മുഹമ്മദ് റാഫി | 103 |
| ഡോ. രാധാകൃഷ്ണ പിള്ള, ജി. | 4,411 |
| ഡോ. കെ. ജെ. ജോൺ | 7,530 |
| ഡോ. ബേബി | 5,900 |
| ഡോ. കെ. കെ. എൻ. കുറുപ്പ് | 9,235 |
| ഡോ. ഡി. എൻ. മാത്യു | 3,859 |
| ഡോ. വി. ജെ. ഫിലിപ്പ് | 3,309 |
| ഡോ. കുഞ്ഞമ്മദ്, കെ. കെ. | 1,464 |
| ആകെ | 58,439 |

3.9.13 22-1-2015-ലെ എൽ.എഫ്.സി.യു/എ 1/361/2014-ാം നമ്പർ കത്ത് പ്രകാരം ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യൂണിവേഴ്സിറ്റി തുക ഈടാക്കി റിപ്പോർട്ട് ചെയ്താലുടൻ ആയത് പരിശോധിച്ച് അറിയിക്കുന്നതാണ്. തുക ഈടാക്കാത്തതു സംബന്ധിച്ച വിവരം ഉന്നതവിദ്യാഭ്യാസ (ബി) വകുപ്പ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 57, 58, 59

ശിപാർശ

3.10.1 സർവ്വകലാശാലയുടെ അക്കൗണ്ട്സ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കാത്തതുകൊണ്ടും കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കാത്തതു കൊണ്ടുമാണ് കോടിക്കണക്കിന് രൂപയുടെ മുൻകൂർ പേയ്മെന്റുകൾ ഇങ്ങനെ ക്രമീകരിക്കാതെ ബാക്കിനിൽക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു.

3.10.2 മുൻകൂർ തുക ചെലവഴിച്ച് മൂന്ന് മാസത്തിനുള്ളിൽ ക്രമീകരിക്കണമെന്ന ചട്ടം കൃത്യമായി പാലിക്കണമെന്നും അങ്ങനെ ക്രമീകരിക്കുന്നില്ലെങ്കിൽ മുൻകൂർ ആയി അനുവദിച്ച തുക ക്രമീകരിക്കാതിരിക്കുന്ന ഉദ്യോഗസ്ഥന്റെ അടുത്ത മാസത്തെ ശമ്പളത്തിൽ നിന്ന് പലിശസഹിതം തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.10.3 മുൻകൂർ തുക കൈപ്പറ്റുന്ന ഉദ്യോഗസ്ഥർ യഥാസമയം രേഖകൾ സമർപ്പിച്ചാലും അതിൻമേൽ തുടർനടപടി സ്വീകരിക്കാതിരിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും ഇതിനകം ക്രമീകരിച്ച തുകയേയും ഇനിയും ക്രമീകരിക്കാൻ ബാക്കിയുള്ള തുകയേയും സംബന്ധിച്ച വിശദാംശങ്ങൾ മൂന്ന് മാസത്തിനുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.4 മുൻകൂറായി വാങ്ങിയ തുക ക്രമീകരിക്കാൻ വീഴ്ചവരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക പരമാവധി വസൂലാക്കിയിട്ടുണ്ട് (ലിസ്റ്റിന്റെ കോപ്പി ഇതോടൊപ്പം ഹാജരാക്കുന്നു). ബാക്കിയുള്ള മുൻകൂർ തുകകൾ വാങ്ങിയ ഉദ്യോഗസ്ഥന്റെ കൃത്യമായ വിവരങ്ങൾ (പ്രത്യേകിച്ച് 1974-75 മുതൽ 1988-89 വരെയുള്ള) ലഭ്യമല്ലാത്ത തിനാൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ഇതിൽപ്പെട്ട ചിലർ മരണപ്പെടുകയോ റിട്ടയർചെയ്യുകയോ ചെയ്തവരാണ്. ആയതിനാൽ, ഇത്തരം മുൻകൂർ തുകകൾ എഴുതിത്തള്ളാനുള്ള അനുമതിക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ്

വകുപ്പിനോട് അനുമതി ചോദിച്ചിരുന്നുവെങ്കിലും നിയമസഭാ സമിതിയുടെ അനുമതിയില്ലാതെ അപ്രകാരം ചെയ്യാൻ പാടില്ലെന്ന് അറിയിക്കുകയാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ ഇത്തരം മുൻകൂറുകൾ എഴുതിത്തള്ളാനുള്ള അനുമതി നൽകണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് അപേക്ഷിക്കുന്നു. ഇപ്പോൾ ഒന്നിൽക്കൂടുതൽ മുൻകൂറുകൾ ക്രമീകരിക്കാത്ത ഉദ്യോഗസ്ഥർക്ക് തുടർന്ന് മുൻകൂറുകൾ നൽകാറില്ല. മാത്രമല്ല, വീഴ്ചവരുത്തുന്നവരുടെ കയ്യിൽ നിന്നും പലിശസഹിതമുള്ള തുക തിരിച്ചുപിടിക്കാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട് (സർക്കുലർ നമ്പർ ബജറ്റ്/ബി1/ഓഡിറ്റ് ഒബ്ജക്ഷൻ 2007-08 തീയതി 18-1-2008).

ഖണ്ഡിക നമ്പർ 70, 71

ശിപാർശ

3.11.1 സർവ്വകലാശാലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുവാൻ ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ട്സും ചട്ടങ്ങളും സിൻഡിക്കേറ്റിന് അധികാരം നൽകുന്നുണ്ടെങ്കിലും സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്ന ഏത് തീരുമാനവും എടുക്കുന്നതിന് മുൻപ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ഹെഡ് പ്യൂൺ തസ്തിക സൃഷ്ടിച്ചത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി അല്ലെന്നാണ് സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ വിശദീകരണത്തിൽനിന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടത്.

3.11.2 കോഴിക്കോട് സർവ്വകലാശാലയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ പുനർനാമകരണം ചെയ്യുകയോ അധിക ജീവനക്കാരെ നിയമിക്കുകയോ ചെയ്യുന്നത് സർക്കാർ അനുവാദം വാങ്ങിയശേഷമായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.11.3 സമിതിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ട്. ഇതു സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് ഓരോമാസവും ഗ്രാന്റ് ബില്ലിനോടൊപ്പം സർക്കാരിന് നൽകുന്നുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.11.4 14-9-2004-ൽ ബഹുമാനപ്പെട്ട ചാൻസലർ അനുമതി നൽകിയ തസ്തികകളിൽ യൂണിവേഴ്സിറ്റി പ്രസ്സ്, യൂണിവേഴ്സിറ്റി ലൈബ്രറി എന്നിവയിലുള്ള തസ്തികകൾ ഉൾപ്പെട്ടിട്ടില്ല. മേൽ തീയതിക്കുശേഷവും ഗവൺമെന്റിൽനിന്ന് മുൻകൂർ അനുമതി വാങ്ങാതെ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ഖണ്ഡിക 80

ശിപാർശ

3.12 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരിശോധിച്ച് തീർപ്പാക്കിയത് സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 91

ശിപാർശ

3.13.1 റിസർച്ച് സ്കോളർമാരിൽനിന്ന് ലഭിക്കേണ്ട തുകയായ 39,126 രൂപ വലിയ തുകയല്ലെങ്കിൽ പോലും അത് ഈടാക്കാതിരിക്കുന്നത് 11 കോടി രൂപയുടെ കടബാദ്ധ്യതയിൽപ്പെട്ടിരിക്കുന്ന കോഴിക്കോട് സർവ്വകലാശാലയെ സംബന്ധിച്ച് ആശാസ്യമല്ലെന്നാണ് സമിതിയുടെ അഭിപ്രായം.

സ്വീകരിച്ച നടപടി

3.13.2 സത്വരനടപടി സ്വീകരിക്കുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.13.3 തുക ഈടാക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചതിന് നാളിതുവരെ യാതൊരു രേഖയും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

തെളിവെടുപ്പ് സമയത്ത് ലഭിച്ച മറുപടി

3.13.4 റിസർച്ച് സ്കോളർമാരിൽനിന്ന് ലഭിക്കേണ്ട 39,126 രൂപ ഈടാക്കാതിരിക്കുന്നത് സർവ്വകലാശാലയെ സംബന്ധിച്ച് ആശാസ്യമല്ലെന്ന സമിതിയുടെ ശിപാർശ സംബന്ധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് വിശദീകരണം നൽകി. റിസർച്ച് സ്കോളർമാരായി രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും ചെറിയ തുക ലൈബ്രറി ഉപയോഗിക്കുന്നതിനായി വാങ്ങാറുണ്ട്. എന്നാൽ രജിസ്റ്റർ ചെയ്തതിനുശേഷം റിസർച്ച് പൂർത്തിയാക്കാതെ ചിലർ പോകുന്നുണ്ട്. അവർ രജിസ്ട്രേഷൻ റദ്ദാക്കാറുമില്ല. ആയതിനാൽ ഈ ഇനത്തിൽ വരുന്ന തുക അവരുടെ പേരിലുള്ള ബാദ്ധ്യതയായി നിലനിൽക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള തുകയാണ് റിസർച്ച് സ്കോളർമാരിൽ നിന്നും ലഭിക്കാനുള്ളതായി ശിപാർശയിൽ സൂചിപ്പിച്ചിരിക്കുന്നതെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

3.13.5 പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുകയും ശിപാർശയ്ക്ക് കാരണമായ വിഷയത്തിൽ ക്രമക്കേടൊന്നുമില്ലാത്തതിനാൽ ശിപാർശയിന്മേൽ തുടർനടപടി ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെടുകയും ചെയ്തു.

ഖണ്ഡിക 93

ശിപാർശ

3.14 ശ്രീ. വി. അച്ചുതൻ അഡ്വാൻസ് വാങ്ങിയ തുകയിൽ ചെലവുകഴിച്ച് ബാക്കിയുള്ള തുക തിരിച്ചടച്ചുവെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തീർപ്പാക്കുകയും ചെയ്തുവെന്ന സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ വിശദീകരണം സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 96, 97

ശിപാർശ

3.15.1 കോഴിക്കോട് സർവ്വകലാശാലയിൽ പരീക്ഷാ കൺട്രോളറുടെ കീഴിൽ വിപുലമായ ഒരു പരീക്ഷാ വിഭാഗംതന്നെ പ്രവർത്തിക്കുന്നുണ്ടെന്നും പരീക്ഷയുമായി ബന്ധപ്പെട്ട ജോലികളാണ് ഈ വിഭാഗം നിർവ്വഹിക്കുന്നതെന്നും ഇത് അവരുടെ സാധാരണ ജോലിയുടെ ഭാഗമാണെന്നുമാണ് സമിതിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഇനി പരീക്ഷാ സമയങ്ങളിൽ അധിക ജോലി ചെയ്യുന്നുവെങ്കിൽത്തന്നെ ഇവർക്ക് റ്റി.എ. നൽകുന്നതിന്റെ യുക്തി മനസ്സിലാക്കാൻ കഴിയുന്നില്ല. പരീക്ഷയുമായി ബന്ധപ്പെട്ട അധികജോലി ചെയ്യുന്നുവെങ്കിൽ അതിനുള്ള ഡി.എ.യോടൊപ്പം റ്റി.എ.യും നൽകുന്നതെന്തിനാണെന്നുള്ള കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യമാണ്.

3.15.2 സർവ്വകലാശാലയുടെ പരീക്ഷാ വിഭാഗത്തിലെ ജീവനക്കാരെക്കൊണ്ടുതന്നെ പരീക്ഷാ ജോലികൾ ചെയ്യിപ്പിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് റ്റി.എ., ഡി.എ. ഇനത്തിൽ നൽകേണ്ടിവരുന്ന അധിക ചെലവ് ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.15.3 പരീക്ഷാ ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓഫീസ് സമയത്തിനുപുറമെ അധികസമയം എടുത്ത് ജോലിചെയ്ത് തീർക്കേണ്ടിവരുന്നു. ഇത്തരം സന്ദർഭങ്ങളിൽ പരീക്ഷാ സംബന്ധമായ ജോലിയുമായി ബന്ധപ്പെട്ട അധികജോലിഭാരം കൂടി കണക്കിലെടുത്താണ് ഈ ആനുകൂല്യം നല്കാൻ തീരുമാനിച്ചത്. അത്തരം ഉദ്യോഗസ്ഥർക്ക് അധികബത്ത നല്കാത്തപക്ഷം ഇത്തരം ജോലികൾ തീർക്കാൻ കഴിയുമായിരുന്നില്ല. കൂടാതെ ഇത്തരം ജോലികൾ അവരുടെ ദൈനംദിന ജോലിയെ ഒരു തരത്തിലും ബാധിക്കാറില്ല.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.15.4 ഡി.എ. ഇനത്തിൽ നൽകേണ്ടിവരുന്ന അധിക ചെലവ് ഒഴിവാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മുൻനില ഇപ്പോഴും തുടരുന്നു.

തെളിവെടുപ്പ് വേളയിൽ ലഭിച്ച മറുപടി

3.15.5 യൂണിവേഴ്സിറ്റി ക്യാമ്പസിൽ തന്നെ നടത്തുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിൽ രാവിലെ വളരെ നേരത്തേ വന്നും, വൈകുന്നേരം വളരെ വൈകിപോയുമാണ് ജോലികൾ ചെയ്തുതീർക്കാറുള്ളതെന്നും അതിനാലാണ് ജീവനക്കാർക്ക് ഇത് നൽകുന്നതെന്നും രജിസ്ട്രാർ അറിയിച്ചു. ഇതിനുവേണ്ടി ഡി.എ. മാത്രം കൊടുത്താൽ പോരേയെന്നും ടി.എ. കൊടുത്തതെന്തിനാണെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ടി.എ. നൽകുന്നില്ലെന്നും ഇപ്പോൾ സിൻഡിക്കേറ്റ് ഇതിന്റെ വിശദാംശങ്ങൾ ചോദിച്ചതിനുശേഷം മാത്രമേ തുക നൽകുന്നതിന് അനുമതി നൽകാറുള്ളൂവെന്നും രജിസ്ട്രാർ അറിയിച്ചു.

ഖണ്ഡിക നമ്പർ 102

ശിപാർശ

3.16.1 കോളേജുകളിൽ നിന്നും വിവിധയിനം ഫീസായി സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുക കൃത്യമായി പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.16.2 കോളേജുകളിൽ നിന്നും ഫീസിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുകകൾ കൃത്യമായും സമയബന്ധിതമായും പിരിച്ചെടുക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പിരിച്ചെടുക്കുന്ന കണക്കുകൾ യഥാസമയം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തെ അറിയിക്കുന്നതാണ്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ മറുപടി

3.16.3 കോളേജുകളിൽ നിന്നും പിരിച്ചെടുത്ത ഫണ്ടിന്റെ കണക്കുകൾ ഈ ഓഫീസിനെ അറിയിച്ചിട്ടില്ല.

സമിതി ആരാഞ്ഞ അധികവിവരം

3.16.4 യൂണിവേഴ്സിറ്റി അക്കൗണ്ടിന്റെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ

3.16.5 സമിതി നിർദ്ദേശാനുസരണം യൂണിവേഴ്സിറ്റി അക്കൗണ്ട്സിന്റെ ഡി.സി.ബി. 2007-08 വർഷത്തേക്കുള്ള പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് നൽകിയിട്ടുണ്ട്.

## അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്

3.16.6 സർവ്വകലാശാല നാല് പാർട്ടുകളായാണ് അക്കൗണ്ട്സ് തയ്യാറാക്കുന്നത്. ഇതിൽ ഓരോ പാർട്ടിലേയും ഓരോ ഹെഡിലെ വരവിനും‌നേരെ കാണിച്ച തുക പരിശോധിക്കാനാവശ്യമായ ഡി.സി.ബി. പത്രിക സർവ്വകലാശാല തയ്യാറാക്കി വാർഷിക കണക്കിനൊപ്പം സമർപ്പിക്കുന്നില്ല.

3.16.7 2007-08-ലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് നൽകിയിട്ടുണ്ട് എന്നത് ശരിയല്ല. മറിച്ച് 26-8-2008-ലെ നമ്പർ ബഡ്ജറ്റ്/ബി1/006/എൻക്വയറി/2007-08 കത്ത് പ്രകാരം 46 ഡിപ്പാർട്ട്മെന്റുകളുടെ (അക്കൗണ്ട് ഹെഡ് കാണിക്കാതെ) മൊത്തം കളക്ഷൻ സംബന്ധിച്ച തുക വിവരമാണ് നൽകിയിട്ടുള്ളത്. ആയത് വാർഷിക കണക്കിന്റെ ഡി.സി.ബി.യായി പരിഗണിക്കാൻ കഴിയില്ല.

3.16.8 ഉദാഹരണത്തിന് വാർഷിക കണക്കിലെ 05-1021-01 ഹെഡിൽ ബി.എ./ബി.എസ്‌സി/ബി.കോം. പരീക്ഷയ്ക്കായി 4,82,37,939 രൂപ വരവ് ചേർത്തിട്ടുണ്ട്. ആയത് സംബന്ധിച്ച് ഡിമാന്റ് നിജപ്പെടുത്തിയ വിവരം 26-8-2008-ലെ കത്തിലില്ല. ഇപ്രകാരം നിജപ്പെടുത്താതെ ഡി.സി.ബി. ഹാജരാക്കി എന്ന വാദം തെറ്റിദ്ധാരണമൂലമാണ്. ആയതിനാൽ സർവ്വകലാശാല വാർഷിക കണക്കിനൊപ്പം തയ്യാറാക്കേണ്ട ഡി.സി.ബി. പത്രിക തയ്യാറാക്കി സമർപ്പിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു.

## സമിതി ആരാഞ്ഞ അധികവിവരം

3.16.9 സർവ്വകലാശാലയുടെ കണക്കുകൾ ഡി.സി.ബി. സിസ്റ്റത്തിലേക്ക് കൊണ്ടുവരുന്നതിനായി ചട്ടങ്ങൾ പരിഷ്കരിച്ച് ഡബിൾ എൻട്രി സിസ്റ്റം നടപ്പാക്കുന്ന തിനുവേണ്ട ക്രമീകരണം ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചർച്ചചെയ്ത് നടപ്പാക്കുക.

<u>ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച അധികവിവരങ്ങൾ</u>

3.16.10 സർവ്വകലാശാല കണക്കുകൾ ഡി.സി.ബി. സിസ്റ്റത്തിലേക്ക് കൊണ്ടുവരുന്നതിനായി ചട്ടങ്ങൾ പരിഷ്കരിച്ച് ഡബിൾ എൻട്രി സിസ്റ്റം നടപ്പാക്കുന്ന തിനുവേണ്ട ക്രമീകരണം ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചർച്ചചെയ്ത് നടപ്പാക്കണമെന്ന സമിതിയുടെ ശിപാർശ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

<u>അധികവിവരം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ കുറിപ്പ്</u>

3.16.11 സർവ്വകലാശാല പ്രസ്തുത വിവരം അറിയിച്ചിട്ടുണ്ട്. സർവ്വകലാശാലയിൽ അക്കൗണ്ട്സ് റൂൾ തയ്യാറാക്കേണ്ടത് സർവ്വകലാശാല ധനകാര്യ വിഭാഗത്തിന്റെ ചുമതലയാണെന്നും ഇപ്രകാരം അക്കൗണ്ട്സ് റൂൾസ് തയ്യാറാക്കുന്നതിന് സർവ്വകലാശാലയ്ക്ക് ആവശ്യമെങ്കിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥന്റെ സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നൽകാവുന്നതാണ് എന്നുമുള്ള വിവരം സർവ്വകലാശാലയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>അദ്ധ്യായം IV</u>

## സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തതും റിപ്പോർട്ട് നല്കേണ്ടതുമായ ശിപാർശകൾ

<u>ഖണ്ഡിക 112, 113</u>

**പൊതു അവലോകനം**

4.1 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998 മുതൽ 2002 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ പരിശോധിച്ചതിൽ, സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേഷൻ, എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ്, സർവ്വകലാശാല പ്രസ്സ് വിഭാഗങ്ങൾ തീർത്തും കാര്യക്ഷമമല്ലെന്നും ഈ വിഭാഗങ്ങളുടെ കാര്യക്ഷമതയില്ലായ്മമൂലമാണ് ഒരേ വ്യക്തിക്ക് രണ്ടുതവണ പെൻഷൻ ആനുകൂല്യങ്ങൾ നൽകുക, ശമ്പളം പരിഷ്കരിക്കുമ്പോൾ തദനുസൃതമായി ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരിക്കാതിരിക്കുക, സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ പരിധിയിൽ വരാത്ത യു.ജി.സി. അദ്ധ്യാപകർക്ക് സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഇടക്കാലാശ്വാസം അനുവദിച്ച് കൊടുക്കുക, യു.ജി.സി., കേന്ദ്ര സർക്കാർ, മറ്റ് ധനസഹായ ഏജൻസികൾ മുതലായവയിൽ നിന്ന് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട വിവിധ ധനസഹായങ്ങൾ ആവശ്യമായ രേഖകൾ

യഥാസമയം ഹാജരാക്കാതിരിക്കുന്നതുമൂലം നഷ്ടപ്പെടുക, കോടിക്കണക്കിന് രൂപയുടെ മുൻകൂർ അഡ്വാൻസുകൾ ക്രമീകരിക്കാതിരിക്കുക, യൂണിവേഴ്സിറ്റി പ്രസ്സിലെ വിതരണത്തിലെ ക്രമക്കേടുകൾവഴി 27 ലക്ഷത്തിലധികം രൂപയുടെ നഷ്ടമുണ്ടാക്കുക മുതലായ സംഭവങ്ങൾ ഉണ്ടാകുന്നതെന്നാണ് സമിതിയുടെ പൊതുവായ വിലയിരുത്തൽ. ഈ വിഭാഗങ്ങളുടെ പ്രവർത്തനം അടിയന്തരമായി കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു വെന്നും അതിനായി ഈ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ആവശ്യമെങ്കിൽ ഓറിയെന്റേഷൻ കോഴ്സുകൾ സംഘടിപ്പിക്കണമെന്നും സമിതിക്ക് അഭിപ്രായമുണ്ട്. അക്കൗണ്ട്സ് വിഭാഗത്തിലെ പ്രോവിഡന്റ് ഫണ്ട് രജിസ്റ്ററുകൾ, ലെഡ്ജറുകൾ മുതലായവയിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും കോടിക്കണക്കിന് രൂപയുടെ മുൻകൂർ പേയ്മെന്റുകൾ ക്രമീകരിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി പ്രസ്തുത കണക്കുകൾ കമ്പ്യൂട്ടർവൽകൃതമാക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാല പ്രസ്സിന്റെ പ്രവർത്തനം അടിമുടി പരിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു.

4.2 ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കോഴിക്കോട് സർവ്വകലാശാല യുടെ അക്കാഡമിക് കാര്യങ്ങളിൽ സിൻഡിക്കേറ്റിന്റെയും വൈസ്-ചാൻസലറുടെയും സ്വയംഭരണാവകാശം അംഗീകരിച്ച് നൽകുമ്പോൾതന്നെ, പൊതു പണം ചെലവഴിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ സർവ്വകലാശാലയ്ക്ക് സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാന ജനതയോടും നിയമസഭയോടുമുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്താൻ ബാദ്ധ്യതയുണ്ട്. ആ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നതിന് വേണ്ടിയാണ് സമിതി പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ പിന്തുണയും അതിനനുസരണമായ തുടർ പ്രവർത്തനങ്ങളും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു.

4.3 അദ്ധ്യായം 2-ലെ തുടർശിപാർശകൾക്കും 4.1, 4.2 എന്നിവയിലെ ശിപാർശകൾക്കും റിപ്പോർട്ട് സമർപ്പിച്ച് രണ്ട് മാസത്തിനുള്ളിൽ മറുപടി നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

**വർക്കല കഹാർ,**

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*

2016 ഫെബ്രുവരി 24. *ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

<u>അനുബന്ധം</u>

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.16 | ഉന്നത വിദ്യാഭ്യാസം | ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരണ ഇനത്തിൽ അവശേഷിക്കുന്ന തുക ഈടാക്കുകയും ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.8 | ,, | ബഹു. ഹൈക്കോടതിയിലെ കേസുകളിന്മേലുള്ള അന്തിമവിധി പ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 2.3.5 | ,, | പ്രോവിഡന്റ് രജിസ്റ്ററുകളും ലെഡ്ജറുകളും സൂക്ഷിക്കുന്നത് സംബന്ധിച്ച രേഖകളെല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി നൽകി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 2.4.5 | ,, | ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ഓഡിറ്റ് നടത്തി ശിപാർശയ്ക്ക് കാരണമായ ഓഡിറ്റ് പരാമർശം പരിഹരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 2.5.15 | ,, | ഓഡിറ്റ് പരാമർശത്തിന്മേൽ സർവ്വകലാശാല പ്രത്യേക എൻക്വയറി കമ്മിറ്റിയെവെച്ച് നഷ്ടത്തുക നിശ്ചയിച്ച് പ്രസ്തുത തുകമാത്രം ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ച നടപടി ഓഡിറ്റ് വകുപ്പിനോടും നിയമസഭാ സമിതിയോടുമുള്ള അനാദരവായി സമിതി വീക്ഷിക്കുന്നു. സർവ്വകലാശാല സമർപ്പിച്ച ഫയലുകൾ പരിശോധിച്ചശേഷമാണ് സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം 27,72,038 രൂപയാണെന്ന നിഗമനത്തിൽ ഓഡിറ്റ് എത്തിച്ചേർന്നിട്ടുള്ളത്. സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അത്രയുമില്ലെന്ന് തെളിയിക്കുവാൻ സർവ്വകലാശാല യ്ക്കായിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഓഡിറ്റിംഗിൽ കണ്ടെത്തിയതും സമിതി ശിപാർശ ചെയ്തതുമായ തുകതന്നെ ഈടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുവാനും സ്വീകരിച്ച നടപടി സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 4.1 | ഉന്നത വിദ്യാഭ്യാസം | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1998 മുതൽ 2002 വരെയുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിലെ കോഴിക്കോട് സർവ്വകലാശാലയെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകൾ പരിശോധിച്ചതിൽ, സർവ്വകലാശാല യുടെ അഡ്മിനിസ്ട്രേഷൻ, എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ട്സ്, സർവ്വകലാശാല പ്രസ്സ് വിഭാഗങ്ങൾ തീർത്തും കാര്യക്ഷമമല്ലെന്നും ഈ വിഭാഗങ്ങളുടെ കാര്യക്ഷമതയില്ലായ്മമൂലമാണ് ഒരേ വ്യക്തിക്ക് രണ്ടുതവണ പെൻഷൻ ആനുകൂല്യങ്ങൾ നൽകുക, ശമ്പളം പരിഷ്കരിക്കുമ്പോൾ തദനുസൃതമായി ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ വാടക പരിഷ്കരിക്കാതിരിക്കുക, സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന്റെ പരിധിയിൽവരാത്ത യു.ജി.സി. അദ്ധ്യാപകർക്ക് സംസ്ഥാന ജീവനക്കാർക്ക് അനുവദിച്ച ഇടക്കാലാശ്വാസം അനുവദിച്ച് കൊടുക്കുക, യു.ജി.സി., കേന്ദ്ര സർക്കാർ, മറ്റ് ധനസഹായ ഏജൻസികൾ മുതലായവയിൽനിന്ന് സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട വിവിധ ധനസഹായങ്ങൾ ആവശ്യമായ രേഖകൾ യഥാസമയം ഹാജരാക്കാതിരിക്കുന്നതുമൂലം നഷ്ടപ്പെടുക, കോടിക്കണക്കിന് രൂപയുടെ മുൻകൂർ അഡ്വാൻസുകൾ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ക്രമീകരിക്കാതിരിക്കുക, യൂണിവേഴ്സിറ്റി പ്രസ്സിലെ വിതരണത്തിലെ ക്രമക്കേടുകൾവഴി 27 ലക്ഷത്തിലധികം രൂപയുടെ നഷ്ടമുണ്ടാക്കുക മുതലായ സംഭവങ്ങൾ ഉണ്ടാകുന്നതെന്നാണ് സമിതി യുടെ പൊതുവായ വിലയിരുത്തൽ. ഈ വിഭാഗങ്ങളുടെ പ്രവർത്തനം അടിയന്തരമായി കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നുവെന്നും അതിനായി ഈ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും ആവശ്യമെങ്കിൽ ഓറിയെന്റേഷൻ കോഴ്സുകൾ സംഘടിപ്പിക്കണമെന്നും സമിതിക്ക് അഭിപ്രായമുണ്ട്. അക്കൗണ്ട്സ് വിഭാഗത്തിലെ പ്രോവിഡന്റ് ഫണ്ട് രജിസ്റ്ററുകൾ, ലെഡ്ജറുകൾ മുതലായവയിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനും കോടിക്കണക്കിന് രൂപയുടെ മുൻകൂർ പേയ്മെന്റുകൾ ക്രമീകരിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി പ്രസ്തുത കണക്കുകൾ കമ്പ്യൂട്ടർവൽക്കൃതമാക്കുന്നത് അഭികാമ്യമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. സർവ്വകലാശാല പ്രസ്സിന്റെ പ്രവർത്തനം അടിമുടി പരിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. |
| 7 | 4.2 | ഉന്നത വിദ്യാഭ്യാസം | ഒരു സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ കോഴിക്കോട് സർവ്വകലാശാലയുടെ അക്കാഡമിക് കാര്യങ്ങളിൽ സിൻഡിക്കേറ്റിന്റെയും വൈസ്-ചാൻസലറുടെയും സ്വയംഭരണാവകാശം അംഗീകരിച്ച് നൽകുമ്പോൾതന്നെ, പൊതു പണം ചെലവഴിക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ സർവ്വകലാശാലയ്ക്ക് സാമ്പത്തിക കാര്യങ്ങളിൽ സംസ്ഥാന ജനതയോടും നിയമസഭയോടുമുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്താൻ ബാദ്ധ്യതയുണ്ട്. ആ അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്ന തിനുവേണ്ടിയാണ് സമിതി പ്രവർത്തിക്കുന്നത്. ഇക്കാര്യത്തിൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | ഭാഗത്തുനിന്നും ക്രിയാത്മകമായ പിന്തുണയും അതിനനുസരണമായ തുടർപ്രവർത്തനങ്ങളും ഉണ്ടാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. |
| 8 | 4.3 | ഉന്നത വിദ്യാഭ്യാസം | അദ്ധ്യായം 2-ലെ തുടർശിപാർശകൾക്കും 4.1, 4.2 എന്നിവയിലെ ശിപാർശകൾക്കും റിപ്പോർട്ട് സമർപ്പിച്ച് രണ്ട് മാസത്തിനുള്ളിൽ മറുപടി നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |